കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്.

പുസ്തകം ൨. | ഏപ്രിൽ. | ലക്കം ൫.

മംഗളം.

ആയാസഹീനമിഹ മോഹതമസ്സുമൂഹാ-
ധേയാത്തി തീർത്തു ശിശുഹൃൽക്കുമുദാകരത്തിൽ
പ്രായാദുപജ്ഞപരി ഭക്തിവികാസമേറി-
ജ്ജീയാച്ചിരംവര കഥാമൃത ചന്ദ്രികേയം.

പിടാൻ എടമരത്തു സെബാസ്റ്റ്യൻ.

'ചില്ലി' രാജ്യവും ദേവമാതാവും.

തെക്കെ അമേരിക്കയുടെ തെക്കുപടിഞ്ഞാറെ ഭാഗത്തു് പെസഫിക്ക സമുദ്രതീരത്തിൽ നീണ്ടുകിടക്കുന്ന ഒരു രാജ്യമാണു് 'ചില്ലി'. പതിനാറാം നൂറ്റാണ്ടിൽ അമേരിക്കയിലെ മറ്റു പലഭാഗങ്ങളെപ്പോലെ ചില്ലി രാജ്യവും സ്പെയിൻകാർ കണ്ടുപിടിച്ചു അവിടെ അവരുടെ മേൽക്കോയ്മ സ്ഥാപിക്കയുണ്ടായി. എന്നാൽ പതിനാറാം നൂറ്റാണ്ടിൻറെ ആരംഭത്തിൽ ചില്ലി രാജ്യക്കാർ സ്പെയിൻകാരോടു എതുത്തു പോരാടുകയും പതിനെട്ടിൽ സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു. അന്നുമുതൽ ചില്ലി ഒരു പ്രജാധിപത്യമുള്ള രാജ്യമായിത്തീർന്നു.

രാജ്യലക്ഷത്തിലധികം ജനങ്ങൾ ചില്ലി രാജ്യത്തു അധിവസിക്കുന്നുണ്ട്. അതിൽ അധികം പങ്കും കത്തോലിക്കരാണ്. കത്തോലിക്കാ മതത്തെ ദേശീയമതമായി ആ രാജ്യക്കാർ സ്വീകരിച്ചിരിക്കുന്നു. ചില്ലിയുടെ തലസ്ഥാനം സന്റിയാഗൊ എന്ന പട്ടണമാണ്. കത്തോലിക്കാ സഭാദ്ധ്യക്ഷനായ മെത്രാപ്പോലീത്തായുടെ വാസവും അവിടെത്തന്നെ. ചില്ലി രാജ്യവും മാപ്പാപ്പായുടെ ശവമ്മെണ്ടും തമ്മിൽ രാജ്യകാര്യ സംബന്ധമായ ഏടപാടുകളുണ്ട്. തൽഫലമായി 'അപ്പൂസ്തോലിക്കു നൻഷിയൊ' എന്ന സ്ഥാനനാമത്തിൽ മാപ്പാപ്പായുടെ ഒരു പ്രതിനിധി ആ രാജ്യത്തിൽ എഴുന്നെള്ളി താമസിക്കുന്നുമുണ്ട്.

ചില്ലി രാജ്യക്കാർ അനേക പുരുഷാന്തരങ്ങളായി കന്മലമാതാവിനോടു അത്യന്തം ഭക്തിയുള്ളവരായിട്ടാണ് ജീവിച്ചുപോന്നിട്ടുള്ളതു്. അവിടത്തെ കരസൈന്യവും കപ്പൽസൈന്യവും കന്മലമാതാവിനെ അവരുടെ സാമ്രാജ്യരക്ഷാധികാരണിയും സർവ്വസൈന്യാധിപയുമായി ഗണിച്ചുപോരുന്നു. സ്വാതന്ത്ര്യലബ്ധിക്കായി സ്പെയിൻ രാജ്യക്കാരുമായി നടത്തിയ യുദ്ധങ്ങളിൽ ചില്ലി രാജ്യത്തിലെ പട്ടാളക്കാർ തങ്ങളുടെ പ്രധാന ആയുധമായി കന്മലമാതാവിന്റെ ഉത്തരീയം (വെന്തീഞ്ഞ) കഴുത്തിൽ ധരിച്ചിരുന്നു. ചില്ലി രാജ്യത്തിന്റെ സ്വാതന്ത്ര്യസ്ഥാപകന്മാർ എന്നു അറിയപ്പെടുന്ന ഓഹിജിൻസ്, സാൻമാർട്ടിനൊ എന്ന സേനാനായകന്മാർ സൈന്യത്തെ മുഴുവനും കന്മലമാതാവിന്റെ സംരക്ഷണയിൽ പരസ്യമായി ഏല്പിച്ചുകൊണ്ടാണ് പ്രസ്തുത യുദ്ധം ആരംഭിച്ചതു്. ആ യുദ്ധത്തിൽ ചില്ലിയിലെ പട്ടാളക്കാർ അത്ഭുതകരമായ ധീരത പ്രദർശിപ്പിച്ചിട്ടുണ്ട്. ആൻറീസ് പർവ്വതങ്ങളിൽകൂടി അവർ അന്നുചെയ്ത ആശ്ചര്യകരമായ ഒരു യുദ്ധയാത്ര ലോകചരിത്രത്തിൽ ഏറ്റവും പ്രസിദ്ധിയുള്ള ഒരു ധീരകൃത്യമാണ്. തലേദിവസം സൈന്യത്തെ കന്മലമാതാവിനു പ്രതിഷ്ഠിച്ചുകൊണ്ടാണ് അവർ ആ യുദ്ധയാത്ര ആരംഭിച്ചതു്. ചാക്കാബുക്കൊ എന്ന സ്ഥലത്തുവച്ചു വിജയം പ്രാപിച്ചയുടനെ ഓഹിജിൻസ് എന്ന സേനാനായകൻ ആ പ്രതിഷ്ഠയെ പുതുക്കി. ഒടുവിൽ ഫ്വാഫ്വാൽ 'മെയിപ്പു' എന്ന സ്ഥലത്തുവച്ചു അവസാന വിജയം നേടിയതിനനന്തരം സന്റിയാഗോ പട്ടണത്തിലെ ഭദ്രാസനദേവാലയത്തിൽ പട്ടാളക്കാരും ജനങ്ങളും ഒരുമിച്ചുകൂടി മാതാവിനെ സ്തോത്രം ചൊല്ലുകയും പ്രതിഷ്ഠയെ ഒരിക്കൽകൂടി പുതുക്കുകയും ചെയ്തു.

ചില്ലി രാജ്യക്കാരുടെ ഇപ്രകാരം ദേവമാതാവിനോടുള്ള ഭക്തിയുടെ

ആദാം എല്ലാമനുഷ്യരുടെയും ആദിപിതാവാണ്.

ഉത്തമമായ ഒരു പ്രകടനം ഈ അടുത്ത കാലത്തു നടത്തുകയുണ്ടായി. കഴിഞ്ഞ ഡിസമ്പർ ഫ്രഞ്ചാംരാജ്യം മുതൽ ഫെബ്രുവരി വരെ ഒരാഴ്ചമുഴുവനും ആ രാജ്യക്കാർ ദേവമാതാവിന്റെ സ്തുതിക്കായി തിരുനാളായാഘോഷിച്ചു. ഒടുവിൽ ഫെബ്രുവരി ഭരണാധികാരികളും ജനങ്ങളും ഒന്നു ചേർന്നു അത്യാഡംബരപൂർവ്വം ചില്ലിരാജ്യത്തെ കന്മലമാതാവിനെ പ്രതിഷ്ഠിക്കുകയും മാതാവിനെ അവിടുത്തെ പ്രജാധിപത്യത്തിന്റെ രാജ്ഞിയായി കിരീടം ധരിപ്പിക്കയും ചെയ്തു.

അന്നു വെളുപ്പിനു് നാലു മണിക്കു് സൻറിയാഗോ അതിരൂപതയിലെ സഹായമെത്രാൻ മൊൺസിഞ്ഞോർ എഡ്വേർഡ് തിരുമനസ്സുകൊണ്ടു അവിടെയുള്ള 'ദിവ്യരക്ഷകന്റെ പള്ളിയിൽ' കന്മലമാതാവിന്റെ അൾത്താരയിൽ പാട്ടുകുർബാന സമർപ്പിച്ചു. അനന്തരം അതി മനോഹരമായി അലങ്കരിച്ചിരുന്ന തെരുവീഥികളിലൂടെ സ്തോത്രഗീതങ്ങൾ പാടിക്കൊണ്ടുപോകുന്ന ഒരു വലിയ ജനക്രുട്ടത്തിന്റെ അകമ്പടിയോടുകൂടി മാതാവിന്റെസ്വരൂപം വഹിച്ചുകൊണ്ടു് 'കുസിനോപാക്കു്' എന്ന സ്ഥലത്തേക്കു ഒരു ഘോഷയാത്ര പുറപ്പെട്ടു. പ്രദക്ഷിണം പാക്കിന്റെ പ്രധാന പ്രവേശനദ്വാരത്തിലെത്തിയപ്പോൾ ചില്ലി രാജ്യത്തിലെ സകല മെത്രാന്മാരുംകൂടി സ്വരൂപത്തെ എതിരേറ്റു അടുത്തു തയ്യാറാക്കിയിരുന്ന അതിമനോഹരമായ അൾത്താരയെ ലക്ഷ്യമാക്കി യാത്ര തുടർന്നു. സ്വരൂപം അൾത്താരയിൽ സ്ഥാപിച്ചുകൊണ്ടു് ചില്ലി രാജ്യവാസികൾക്കുവേണ്ടി ഏറ കുർബാന ഒരേസമയത്തു സമർപ്പിച്ചു. സ്വദേശകാര്യമന്ത്രി, വിദേശകാര്യമന്ത്രി, ധനകാര്യമന്ത്രി, കരസൈന്യാധിപതിയും കപ്പൽസൈന്യത്തിലെയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർ, ഇവരെല്ലാവരും പ്രധാന അൾത്താരയ്ക്കടുത്തു സന്നിഹിതരായിരുന്നു. ചില്ലി രാജ്യത്തിൽ മാപ്പാപ്പായുടെ സ്ഥിരപ്രതിനിധിയായി—അപ്പസ്തോലിക്ക് നൽഷിയൊ ആയി—നിയമിക്കപ്പെട്ടിരിക്കയും, മാതാവിന്റെ കിരീടധാരണകർമ്മം നടത്താൻ തിരുസിംഹാസനത്തിലെപ്പേക്കു പ്രത്യേകം നിയോഗിക്കപ്പെടുകയും ചെയ്തിട്ടുള്ള മൊൺസിഞ്ഞോർ അലോയിസ് മസെല്ലി തിരുമനസ്സുകൊണ്ടു് പാട്ടു കുർബാന ചൊല്ലി. ക്രാപോർ ചേർന്നുള്ള ഒരു ഗായകസംഘമാണു് ആ കുർബാനയിൽ പാടിയതു്. കുർബാന കഴിഞ്ഞതോടുകൂടി ജനങ്ങൾ മുഴുവനും അടുത്തു നടക്കാൻപോകുന്ന ഏറ്റവും ഗൌരവതരമായ കർമ്മത്തെ പ്രതീക്ഷിച്ചുകൊണ്ടു നിശ്ശബ്ദരായി നിന്നു. തൽക്ഷണം മാപ്പാപ്പായുടെ പ്രതിനിധി അൾത്താരയുടെ

ആരംഭം മുതൽ പാപം ഏല്ലാമനുഷ്യരേയും ബാധിച്ചു.

പടികൾ കയറി മുകളിലെത്തുകയും ദേവമാതാവിൻ സ്വരൂപത്തിന്റെ ശിരസ്സിൽ മനോഹരമായ ഒരു മുടി ചൂടിക്കുകയും ചെയ്തു. തൽസമയം ആനന്ദതുന്ദിലരായ ജനക്കൂട്ടത്തിന്റെ സ്തോത്രപരമായ ആർപ്പുവിളികളാലും ബാൻറുവാദ്യക്കാർ കൊട്ടിയ ദേശീയഗാനത്തിന്റെ മനോഹരഗംഭീരമായ സ്വരങ്ങളാലും ദിഗന്തരം മുഴങ്ങി. അതേസമയംതന്നെ അനേകം വിമാനങ്ങൾ അൾത്താരയ്ക്കു മുകളിലായി ആകാശത്തിൽ ചരിച്ചു് വിജയകാഹളം ഊതുകയും അനവധി പൂഷ്പങ്ങൾ സ്വരൂപത്തിനു മുമ്പും വർഷിക്കയുമുണ്ടായി. അനന്തരം എല്ലാവരും ഘോഷയാത്രയായി പള്ളിയിലേയ്ക്കുതന്നെ മടങ്ങുകയും 'തെദേവും' (ലാക്ക് ആലാഹാ) എന്ന സ്തോത്രഗീതം പാടി തിരുനാൾ കർമ്മം അവസാനിപ്പിക്കയും ചെയ്തു.



അമേരിക്കയിലെ നീഗ്രോജാതിയിൽപെട്ട മാർട്ടിൻ ഡെ പോറെസ് എന്ന വൈദികനെ 'വാഴ്ത്തപ്പെട്ടവൻ' എന്നു തിരുസഭ പേർവിളിച്ചിട്ടുണ്ട്. അടുത്തുതന്നെ അദ്ദേഹത്തെ 'വിശുദ്ധൻ' എന്നു പേർവിളിക്കുന്നതാണ്.

* * *

പത്താം പീയൂസ് മാർപ്പാപ്പായെ "വാഴ്ത്തപ്പെട്ടവൻ" എന്നു പേരു വിളിക്കേണമെന്നു അപേക്ഷിക്കുന്ന പലേ ഹർജികളും പരിശുദ്ധസിംഹാസനത്തിലേയ്ക്കു സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്നു, ജെസ്യൂിറ്റു സന്ന്യാസസഭയുടെ നാമത്തിൽ അതിന്റെ ജെനറാലും അദ്ദേഹത്തിന്റെ ആലോചനക്കാരും കൂടി ഒപ്പിട്ടു സമർപ്പിച്ചിട്ടുള്ളതാണ്.

* * *

പ്രാൻസീലെ ക്ഷയരോഗികളായ പട്ടക്കാർക്കും ശമ്മാശന്മാർക്കും വേണ്ടി ഒരു സുഖവാസസ്ഥലം ഏർപ്പെടുത്തേണ്ടതിലേയ്ക്കു അവിടത്തെ മെത്രാന്മാർ വേണ്ട നടപടികൾ നടത്തിവരുന്നുണ്ട്. അതിന്റെ ചിലവിലേയ്ക്കു ഫ്രാൻസീസ് പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഫ്രാങ്കു ലക്ഷം പ്രാങ്കു അയച്ചുകൊടുത്തു. കരുണാപൂർവ്വമായ ആ ദാനത്തെക്കുറിച്ചുള്ള നന്ദിയുടെ ലക്ഷ്യമായി പ്രസ്തുത സുഖവാസസ്ഥലത്തിനു തിരുമനസ്സിലെ പേർ കൊടുക്കേണമെന്നു മെത്രാന്മാർ നിശ്ചയിച്ചു. എന്നാൽ ഫ്രാംശോയുടെ തീരുഹൃദയത്തിന്റെ പേർ കൊടുക്കുന്നതാണു് അധികം നല്ലതെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കല്പിച്ചു.

പാപംചെയ്തതിനാൽ ആദത്തിനു ദൈവേഷ്ടപ്രസാദം നഷ്ടപ്പെട്ടു.

പ്രസാധകക്കുറിപ്പുകൾ.

പെസഹാവ്യാഴാഴ്ചയുടെ തലേദിവസം സന്ധ്യയായി. പതിവിനു സരിച്ചു് പ്രാർത്ഥന കഴിഞ്ഞു് അപ്പൻ, അമ്മ, മക്കൾ, ഇവരെല്ലാവരും ഒരുമിച്ചുകൂടി. അപ്പോൾ കുഞ്ഞച്ചൻ ഇങ്ങനെ ചോദിച്ചു. "അപ്പാ, നാളെ കടമുള്ള തിരുനാളാണൊ? എല്ലാവരും നാളെ പള്ളിയിൽ പോയി കുമ്പാനകാണണമെന്നു കഴിഞ്ഞ ഞായറാഴ്ച നമ്മുടെ ബ. വികാരിഅച്ചൻ പറഞ്ഞല്ലൊ." അപ്പൻ "നാളെ കടമുള്ള തിരുനാളല്ല. എങ്കിലും നാളെ ഒരു വലിയ ദിവസമാണു്. അതുകൊണ്ടാണു് എല്ലാവരും പള്ളിയിൽപോയി കുമ്പാനകാണണമെന്നു വികാരിഅച്ചൻ പറഞ്ഞതു്." കുഞ്ഞച്ചൻ "നാളെ ഒരു വലിയ ദിവസമാണെന്നു പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. നാളെ പള്ളിയിൽ എന്താ വിശേഷകുർബ്ബാനയുള്ളതു്." അപ്പൻ "നമ്മുടെ കർത്താവു് വിശുദ്ധ കുമ്പാന സ്ഥാപിച്ചതിന്റെ ഓർമ്മയെ പുതുക്കാൻ തിരുസഭ നിശ്ചയിച്ചിട്ടുള്ള ദിവസമാണു് നാളെ. അതിനാൽ നാളെ കുമ്പാന കഴിഞ്ഞാൽ പകൽ മുഴുവനും രാത്രി മുഴുവനും വിശുദ്ധ കുമ്പാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചു ആരാധന നടത്തും." ഉടനെ തങ്കമ്മ പറഞ്ഞു "അപ്പാ, നമ്മുടെ കർത്താവു് വിശുദ്ധകുമ്പാന സ്ഥാപിച്ച ചരിത്രം കേൾക്കാൻ എനിക്കാഗ്രഹമുണ്ടു്." അപ്പോൾ കുഞ്ഞച്ചൻ തങ്കമ്മയോടു, "കഴിഞ്ഞ ഞായറാഴ്ച ബ. വികാരിഅച്ചൻ ആ ചരിത്രം വേദോപദേശക്ലാസിൽ വിസ്തരിച്ചു പറഞ്ഞതു് നീ ഇത്രവേഗം മറന്നോ?" എന്നു ചോദിച്ചു. "വികാരിഅച്ചൻ പറഞ്ഞു എന്നതു ശരിതന്നെ. എന്നാൽ എനിക്കതു നല്ലവണ്ണം മനസ്സിലായില്ല" എന്നു തങ്കമ്മ മറുപടി പറഞ്ഞു. ഇവരുടെ ഈ സംഭാഷണംകേട്ട അമ്മപറഞ്ഞു "ആട്ടെ, നിങ്ങൾ എന്തിനു തർക്കിക്കുന്നു. ആ ചരിത്രം ഒന്നുകൂടി കേൾക്കുന്നതു ഏതായാലും നല്ലതാണു്." ഉടനെ അപ്പൻ താഴെ കാണുംപ്രകാരം ആ ചരിത്രം പറവാൻ തുടങ്ങി.

ഒരിക്കൽ നമ്മുടെ കർത്താവു് ശിഷ്യന്മാരൊരുമിച്ചു ജനവാസമില്ലാത്ത ഒരു സ്ഥലത്തു അല്പം വിശ്രമിക്കാനും പ്രാർത്ഥിക്കാനുമായി പോയി. കർത്താവു് അവിടെ പോയതറിഞ്ഞു അനേകം ജനം അവിടെ എത്തി. ഉടനെ കർത്താവു് അവർക്കു് നല്ല ഉപദേശങ്ങൾ നൽകി അവരെയെല്ലാം അനുഗ്രഹിച്ചു. അപ്പോഴേക്കും നേരം നന്നാ വൈകി. ജനങ്ങളിൽ

പലരും അന്ന ഭക്ഷണം കഴിച്ചിട്ടുണ്ടായിരുന്നില്ല. അടുത്തു ഭക്ഷണസാധനം കിട്ടാൻ മാർഗ്ഗവുമുണ്ടായിരുന്നില്ല. ആ നിലയിൽ അവർ മടങ്ങിപ്പോകുന്നപക്ഷം ക്ഷീണംകൊണ്ടു വഴിമദ്ധ്യേ കിടന്നുപോകും. അതിനാൽ കർത്താവിനു ആ ജനത്തിന്റെമേൽ ദയവുതോന്നി. അവർക്കു ഭക്ഷണം എങ്ങിനെയെങ്കിലും ഉണ്ടാക്കിക്കൊടുക്കേണമെന്നു നിശ്ചയിച്ചു. അവിടെ അടുത്തു ഒരു കുട്ടിയുടെ പക്കൽ അപ്പോൾ അഞ്ചു അപ്പവും രണ്ടു മത്സ്യവും ഉണ്ടായിരുന്നു. അതു വാങ്ങിക്കൊണ്ടുവരാൻ കർത്താവു ശിഷ്യന്മാരോടു കല്പിച്ചു. അവിടുന്നു് അതെടുത്തു വാഴ്ത്തി മുറിച്ചതോടുകൂടി അതു ഒന്നിനൊന്നു പെരുകി. സ്ത്രീകളേയും കുട്ടികളേയും കൂടാതെ അയ്യായിരം ആളുകൾ അവിടെയുണ്ടായിരുന്നു. അവരെല്ലാവരും തൃപ്തിയായി ഭക്ഷിച്ചു കഴിഞ്ഞിട്ടു് പന്ത്രണ്ടുകൊട്ട നിറയെ അപ്പവും മത്സ്യവും ശേഷിച്ചു. ഇങ്ങിനെ കർത്താവു് ഒരു വലിയ അത്ഭുതം പ്രവർത്തിച്ചു് ആ ജനത്തിനു ഭക്ഷണം നൽകി. അതിനുശേഷം അവരെ പിരിച്ചയക്കയും ചെയ്തു.

എന്നാൽ അടുത്ത ഒരു ദിവസം ആ ജനങ്ങളിൽ പലരും കർത്താവിന്റെ പിന്നാലെകൂടി. മുമ്പേപ്പോലെ ഇനിയും ഭക്ഷണം കിട്ടാൻ വേണ്ടിയാണോ അവർ തന്റെ പിന്നാലെ ചെല്ലുന്നതു എന്നു ചോദിച്ചശേഷം കർത്താവു് ഇങ്ങിനെ അരുളിച്ചെയ്തു: ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പമാകുന്നു. ഈ അപ്പം ഭക്ഷിക്കുന്ന മനുഷ്യൻ എന്നേക്കും ജീവിക്കും; ഞാൻ കൊടുക്കുന്ന അപ്പം ലോകർക്കു് ജീവനുണ്ടാകാൻവേണ്ടി കൊടുക്കപ്പെട്ട എന്റെ മാംസമായിരിക്കും. യൂദന്മാർ ഇതുകേട്ടു തമ്മിൽ പിറുപിറുത്തുകൊണ്ടു പറഞ്ഞു: ഈ മനുഷ്യൻ എങ്ങിനെ തന്റെ മാംസം ഭക്ഷണമായിതരും? അപ്പോൾ ഗുരുശ്രേഷ്ഠൻ അരുളിച്ചെയ്തു: ഞാൻ സത്യം സത്യമായി നിങ്ങളോടു പറയുന്നു. മനുഷ്യപുത്രന്റെ മാംസം നിങ്ങൾ ഭക്ഷിക്കയും രക്തം കുടിക്കയും ചെയ്യുന്നതല്ലാതെ നിങ്ങൾക്കു ജീവനുണ്ടാകയില്ല. എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ നിത്യജീവൻ പ്രാപിക്കും. ഞാൻ അവനെ അവസാന ദിവസത്തിൽ വീണ്ടും ജീവിപ്പിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ എന്റെ മാംസം നിശ്ചയമായും ഭക്ഷണവും എന്റെ രക്തം നിശ്ചയമായും പാനവുമാകുന്നു. എന്റെ മാംസം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയും ചെയ്യുന്നവൻ എന്നിലും ഞാൻ

ആത്മാവിൽ ദൈവപുത്രനിലുള്ള വർക്കേ മോക്ഷം കിട്ടുകയുള്ളു.

അവനിലും വസിക്കും. ജീവിക്കുന്നവനായ പിതാവു എന്നെ അയച്ചതുപോലും ഞാൻ ആ പിതാവുവഴി ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവനാരോ അവൻ ഞാൻവഴി ജീവിക്കുകയും ചെയ്യും. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന അപ്പം ഇതാകുന്നു. നിങ്ങളുടെ പിതാക്കന്മാർ മന്നാ ഭക്ഷിച്ചിട്ടു മരിച്ചുപോയ വിധത്തിലായിരിക്കയില്ല. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നെന്നും ജീവിക്കും.» ഈ വാക്യങ്ങളാൽ, നമ്മുടെ കർത്താവു വിശുദ്ധ കുർബ്ബാനയെ സ്ഥാപിക്കുമെന്നു വാഗ്ദത്തം ചെയ്തു.

വി. കുർബ്ബാനയെ സ്ഥാപിച്ചതു്.

അപ്പൻ ഇതുയും പറഞ്ഞതു എല്ലാവരും ശ്രദ്ധയോടുകൂടി കേട്ടു. ഉടനെ തങ്കമ്മ ചോദിച്ചു: «കർത്താവു് തന്റെ വാഗ്ദത്തം നിറവേറ്റിയതു എപ്പോഴാണു്? അതുകൂടി കേൾക്കാൻ ആഗ്രഹമുണ്ടു്.» അതിനു മറുപടിയായി അപ്പൻ തുടർന്നു പറഞ്ഞു: «നമ്മുടെ കർത്താവു് തന്റെ കഷ്ടാനുഭവം തുടങ്ങുന്നതിനുമുമ്പു ശ്ലീഹന്മാരൊരുമിച്ചു ഒടുവിലത്തെ അത്താഴം കഴിച്ചു. ആ സമയത്തു് അവിടുന്നു അപ്പം കയ്യിലെടുത്തു വാഴ്ത്തി, «ഇതെന്റെ ശരീരമാകുന്നു» എന്നരുളിച്ചെയ്തു. എന്നിട്ടു അതു മുറിച്ചു ശ്ലീഹന്മാക്കു് കൊടുത്തു. അവർ അതു ഭക്ഷിച്ചു. അതിനുശേഷം കാസായിൽ വീഞ്ഞെടുത്തുകൊണ്ടു് «ഇതു എന്റെ രക്തമാകുന്നു» എന്നരുളിച്ചെയ്തു. എന്നിട്ടു അതും ശ്ലീഹന്മാക്കു കൊടുത്തു. അവർ അതു കുടിച്ചു. ഇങ്ങിനെയാണു് കർത്താവു് തന്റെ വാഗ്ദത്തം നിറവേറ്റിയതു്.» അപ്പോൾ കുഞ്ഞച്ചൻ ചോദിച്ചു: «അപ്പാ, തന്റെ ശരീരം ഭക്ഷണമായും രക്തം പാനമായും തരുമെന്നല്ലേ കർത്താവു് വാഗ്ദത്തം ചെയ്തതു്? എന്നാൽ കർത്താവു് ശ്ലീഹന്മാക്കു് അപ്പവും വീഞ്ഞുമാണല്ലൊ കൊടുത്തതു്? അതിന്റെ കാര്യം മനസ്സിലായില്ല.» അപ്പൻ: «കർത്താവു ആദ്യം കയ്യിലെടുത്തതു വെറും അപ്പമായിരുന്നു; ശരിതന്നെ. എന്നാൽ അവിടുന്നു ആ അപ്പം ചൂണ്ടിക്കാണിച്ചുകൊണ്ടു് «ഇതെന്റെ ശരീരമാകുന്നു» എന്നു പറഞ്ഞപ്പോൾ അതു അവിടുത്തെ ശരീരമായി പകർന്നു. അപ്രകാരം തന്നെ കർത്താവു് കാസായിൽ വീഞ്ഞെടുത്തു കയ്യിൽ പിടിച്ചു. അതിനെ ചൂണ്ടികാണിച്ചു «ഇതെന്റെ രക്തമാകുന്നു» എന്നു പറഞ്ഞപ്പോൾ വീഞ്ഞു കർത്താവിന്റെ രക്തമായി പകർന്നു. നമുക്കു ഇതൊരു മഹാ അത്ഭുതമായി തോന്നുന്നു. അപ്പം ശരീരമായി മാറാനും, വീഞ്ഞു് രക്തമായി മാറാനും മനുഷ്യർമാത്രമായ നമ്മെക്കൊണ്ടു സാധിക്കയില്ല, ശരി

തന്നെ. എന്നാൽ കത്താവിന്ന സാധിക്കും. കാനായിലെ കല്യാണ വിരുന്നിൽ കത്താവു് വെള്ളം വീഞ്ഞായി മാററിയില്ലെ? കത്താവു് മനുഷ്യൻ മാത്രമല്ല, ദൈവവുമാണു്. ദൈവത്തിന്ന സാധിക്കാത്തതു് എന്തുണ്ടു്? ഒന്നും ഇല്ലാതിരുന്ന കാലത്തു്, 'ഉണ്ടാകട്ടെ' എന്ന ഒരു വാക്കു മാത്രം ദൈവം അരുളിച്ചെയ്തപ്പോൾ, അവിടുന്നു് വിചാരിച്ചപോലെ ലോകവും അതിലുൾപ്പെട്ട സമസ്തവും ഉണ്ടായില്ലെ? അതിനാൽ കത്താവു് കല്പിച്ചപ്രകാരം അപ്പം തന്റെ ശരീരവും വീഞ്ഞു് തന്റെ രക്തവുമായി പകന്നതിൽ അതിശയിപ്പാനില്ല. കത്താവു കല്പിച്ചാൽ അങ്ങിനെ സംഭവിച്ചേ മതിയാവൂ.»

കുഞ്ഞച്ചനു ഒരു കാര്യംകൂടി അറിയേണ്ടതുണ്ടായിരുന്നു. അതിനു അവൻ ഇങ്ങനെ ചോദിച്ചു: «അപ്പം കത്താവിന്റെ ശരീരവും വീഞ്ഞു കത്താവിന്റെ രക്തവുമായി പകന്നെങ്കിൽ, ആ ശരീരവും രക്തവും കാണണ്ടെ? എന്നാൽ വിശുദ്ധകുർബ്ബാനയിൽ അപ്പവും വീഞ്ഞുമാണല്ലൊ നമ്മൾ കാണുന്നതു്. അതെന്തുകൊണ്ടാണു്?» ഈ ചോദ്യത്തിനും അപ്പൻ മറുപടിപറഞ്ഞു. അതിങ്ങിനെയായിരുന്നു: «കുഞ്ഞച്ചന്റെ ചോദ്യം നല്ലതുതന്നെ. അതിനു ശരിയായ സമാധാനം ഞാൻ പറഞ്ഞുതരാം. ശ്രദ്ധിച്ചു കേൾക്കണം, കെട്ടൊ. ഇതാ രണ്ടുകഷണം അപ്പം. ഒന്നു പഞ്ചസാരയിട്ടു ചുട്ടതു്; മറേറതു പഞ്ചസാരയിടാതെ ചുട്ടതു്. ഒന്നു നല്ലവണ്ണം മൊരിയിച്ചതു്; മറെറതു മൊരിയിക്കാത്തതു്. ഒന്നു കട്ടപ്പുമുള്ളതു്; മറെറതു പതുമയുള്ളതു്. എങ്കിലും രണ്ടും അപ്പംതന്നെ. മൊരിയിച്ച അപ്പത്തിൽ നീ എന്തു കാണുന്നു? തവിട്ടുനിറം കാണുന്നു. മൊരിയിക്കാത്ത അപ്പത്തിലൊ? വെള്ളനിറം കാണുന്നു. ആ വ്യത്യാസം വന്നതെങ്ങിനെ? രണ്ടും അപ്പമായിരിക്കെ, അപ്പത്തെയാണു് നീ കാണുന്നതെങ്കിൽ, രണ്ടിന്റെയും കാഴ്ച ഒരുപോലെയിരിക്കണ്ടെ? ഒരുപോലെയിരിക്കാത്തതുകൊണ്ടു അപ്പത്തെയല്ലാ നീ കാണുന്നതു, അപ്പത്തെ പൊതിഞ്ഞിരിക്കുന്ന നീറത്തെയാണു കാണുന്നതു് എന്നുവരുന്നു. അപ്പാകാരംതന്നെ രുചിയുടെയും തൊടീലിന്റെയും കാര്യത്തിലും. ഒന്നിനു മധുരരസമുണ്ടു്; മറെറതിനു അതില്ല. ഒന്നു തൊട്ടാൽ പതുമയുള്ളതു്; മറെറതു കടുത്തതു്. ഈ വ്യത്യാസവും എങ്ങിനെയുണ്ടായി? രണ്ടും അപ്പംതന്നെയായിരിക്കെ, അപ്പത്തെയാണു് രുചിക്കുന്നതും തൊടുന്നതും എന്നുവരികിൽ, രണ്ടിന്റെയും രുചിയും തൊടീലും ഒരുപോലെയിരിക്കണ്ടെ? അങ്ങനെയല്ലാത്തതിനാൽ അപ്പത്തെയല്ല, അതിന്റെ

ക്രിസ്തു മനുഷ്യരുടെ പാപപ്പൊറുതിക്കായി തന്നത്തന്നെ ബലികഴിച്ചു.

രസത്തെയാണ് നീ രുചിക്കുന്നതെന്നും, അതിന്റെ പശുമ കട്ടപ്പാ എന്ന ലക്ഷണങ്ങളെയാണ തൊട്ടറിയുന്നതെന്നും വരുന്നു. ഇതിൽ നിന്നു മനസ്സിലാക്കേണ്ടതെന്താണെന്നു പറയാം. ഇഹത്തിലെ എല്ലാ ശാരീരിക വസ്തുക്കളിലും രണ്ടു അംശങ്ങളുണ്ട്. ഒന്നു അവയുടെ 'സാധനം'. തത്വജ്ഞാനഭാഷയിൽ അതിനു ' substance ' എന്നു പേർ. മറേറതു നിറം, രുചി, മുതലായി അവയെ പൊതിഞ്ഞിരിക്കുന്ന 'ഗുണങ്ങൾ'. അതിനു 'Accidents' എന്നു പേർ. ഇവരണ്ടിൽ കാതലായിട്ടുള്ളതു സാധനമാണ്; ഗുണങ്ങളല്ല. സാധനം മാറിയാൽ വസ്തു മാറി. ഗുണങ്ങൾ മാറിയതുകൊണ്ടു വസ്തു മാറുന്നില്ല. അപ്പം മധുരമുള്ളതൊ മധുരമില്ലാത്തതൊ, വെള്ളനിറമുള്ളതൊ തവിട്ടുനിറമുള്ളതൊ, പശുമയുള്ളതൊ, കട്ടപ്പുമുള്ളതൊ ഏതുതരത്തിലായാലും അതു എപ്പോഴും അപ്പമായിത്തന്നെയിരിക്കുന്നു.

അപ്പം മ്ശിഹായുടെ ശരീരമായി പകരുമ്പോൾ അപ്പത്തിന്റെ സാധനം മാറുന്നു. അതിനെ പൊതിഞ്ഞിരിക്കുന്ന ഗുണങ്ങൾ മാറുന്നില്ല. അപ്പത്തിന്റെ സാധനത്തിന്റെ സ്ഥാനത്തു മ്ശിഹായുടെ ശരീരം വരുന്നു. അപ്പത്തിന്റെ ഗുണങ്ങൾ മുൻസ്ഥിതിയിൽതന്നെ ഇരിക്കയും ചെയ്യുന്നു. അതിനാലാണ് വിശുദ്ധ കുർബാന സാക്ഷാൽ മ്ശിഹായുടെ ശരീരമാണെങ്കിലും അതിൽ അപ്പത്തിന്റെ നിറം നാം കാണുകയും അപ്പത്തിന്റെ രസം നാം രുചിക്കയും ചെയ്യുന്നതു.

ആരാധന.

വിശുദ്ധ കുർബാനയെസംബന്ധിച്ചു അപ്പൻ പറഞ്ഞ ഈ കാര്യങ്ങളെല്ലാം കുഞ്ഞച്ചനും തങ്കമ്മയും മറു കുട്ടികളും വളരെ ശ്രദ്ധയോടുകൂടി കേട്ടു. അതിനുശേഷം പിറെറദിവസം പള്ളിയിൽ നടത്തുന്ന കർമ്മങ്ങളേയും അതിൽ അവർ സംബന്ധിക്കേണ്ടവിധത്തെയും കുറിച്ചു എല്ലാവരും ചോദിക്കുവാൻ തുടങ്ങി. അതിനെല്ലാം സമാധാനമായി അപ്പൻ ഇപ്രകാരം പറഞ്ഞു: "നാളെ കുർബാനയുടെ അവസാനത്തിൽ വിശുദ്ധ കുർബാന വേറൊരു അൾത്താരയിൽ പരസ്യമായി എഴുന്നെള്ളിച്ചുവയ്ക്കും. വെള്ളിയാഴ്ച കുർബാനയുടെ സമയംവരെ അതു അവിടെത്തന്നെ ഇരിക്കും. അതിനിടയിൽ രാത്രിയും പകലും വിശുദ്ധ കുർബാനയിലിരിക്കുന്ന കർത്താവിനെ ആരാധിക്കണമെന്നാണ് തിരുസഭയുടെ ഉപദേശം. അതിനാൽ നമ്മൾ

ആ ബലിമൂലം മ്ശിഹാ നമുക്കായി ദൈവേഷ്ടപ്രസാദം സമ്പാദിച്ചു.

നാളെ എന്തു ചെയ്യണമെന്നു പറയാം. നമ്മളെല്ലാവരും നാളെ വിശു
ദ്ധ കുമ്പാനക്കൊള്ളണം. അതിനുശേഷം നമ്മൾ തവണയിട്ട്
കർത്താവിനെ ഇടവിടാതെ ആരാധിക്കണം. നമ്മുടെ വീടു പള്ളിയിൽ
നിന്നു അത്ര അകലെയല്ലല്ലൊ. വേലക്കാരൻ ഔസെപ്പും വേലക്കാരി
മറിയവും ഉൾപ്പടെ നമ്മൾ എട്ടുപേരുണ്ടല്ലൊ. അതിനാൽ നമുക്കു
ഓരോരുത്തക്കും മാറിമാറി പള്ളിയിൽപോയി കർത്താവിനെ ആര
ധിക്കാൻ എളുപ്പമായിരിക്കും. നാളെ കുമ്പാനകഴിഞ്ഞാലുടൻ ഒരു
മണിക്കൂറുനേരം ഞാൻതന്നെ ആരാധനകഴിക്കാം. അപ്പോഴേക്കും
മത്തച്ചൻ വീട്ടിൽവന്നു കഞ്ഞികുടിച്ചു പള്ളിയിൽ മടങ്ങിഎത്തണം.
ഞാൻ വീട്ടിലേയ്ക്കു പോരുമ്പോൾ മാത്തച്ചൻ കുമ്പാനയുടെ മുമ്പിൽ
ആരാധന തുടങ്ങണം. അതുകഴിയെക്കണ്ടു റോസക്കുട്ടി പള്ളിയിൽ
പോകണം. മാത്തച്ചൻ പോന്നുകഴിയുമ്പോൾ അവൾ ആരാധിപ്പാൻ
തുടങ്ങട്ടെ. പിന്നീടു കുഞ്ഞച്ചന്റെ മുറയാണ്. ഉച്ചഭക്ഷണം കഴി
ഞ്ഞിട്ട് അമ്മച്ചൊന്നു ആരാധിക്കട്ടെ. നാലുമണിയോടുകൂടി പള്ളിയിൽ
'കലുകഴികൽ' എന്ന കർമ്മമുണ്ടാകും. ആ സമയത്തു നമ്മളെല്ലാവരും
പള്ളിയിലുണ്ടായിരിക്കണം. അതുകഴിഞ്ഞു വേലക്കാരി മറിയം ആ
രാധിക്കണം. ഇങ്ങനെ നമ്മൾ ഓരോരുത്തരും മാറിമാറി ആരാധന
കഴിച്ചാൽ കർത്താവിനു വളരെ ഇഷ്ടമായിരിക്കും. നമ്മുടെ കുടുംബ
ത്തിനു വളരെ അനുഗ്രഹങ്ങൾ ലഭിക്കയും ചെയ്യും. അപ്പോൾ തങ്കമ്മ
ചോദിച്ചു: "അപ്പാ, ഒരു മണിക്കൂർനേരം കുമ്പാനയുടെമുമ്പിൽ ആരാ
ധിക്കുന്നതെങ്ങനെ? ആ നേരമെല്ലാം എന്തു ചെയ്യണം?" അതിനു
അപ്പൻ ഇങ്ങനെ മറുപടി പറഞ്ഞു: "ആദ്യമായി അതുപിക്കടുത്തവിധം
കുമ്പാന ഉൾക്കൊള്ളുന്ന ജപം ചൊല്ലുക. അതിനുശേഷം കൊന്ത
കയ്യിലെടുത്തു ഒരു അൻപത്തുമൂന്നുമണിജപം ചൊല്ലണം. പിന്നെ
കുമ്പാനയ്ക്കു വിസീത്ത കഴിക്കുന്നതിനു പ്രാർത്ഥനപ്പുസ്തകത്തിൽ കൊട
ത്തിട്ടുള്ള ഏതെങ്കിലും ജപങ്ങൾ വായിക്കണം. അതുകഴിഞ്ഞു തിരു
ഹൃദയത്തിന്റെ ജപമാല, തിരുഹൃദയത്തിന്റെ ലുത്തിനിയാ, ശുദ്ധ.
കുമ്പാനയുടെ ലുത്തിനിയാ, അനുഗ്രഹക്കൊന്ത, ഇതൊക്കെ ചൊല്ലാം.
ഇങ്ങിനെ ചെയ്താൽ ഒരു മണിക്കൂർ ഒട്ടും ദീർഘമായി തോന്നുകയില്ല.
ഇതിലെല്ലാറ്റിലും പ്രധാനമായി ചെയ്യേണ്ടതു കർത്താവിനോടു ഹൃദയം
തുറന്നു സംസാരിക്കുകയാണ്. കർത്താവു ലോകത്തിൽ സഞ്ചരിച്ചിരുന്നകാ
ലത്തു കുരുടന്മാർ, മുടന്തന്മാർ, കുഷ്ഠരോഗികൾ മുതലായവർ അവിടത്തെ

മ്ശിഹായാണു ലോകത്തിലെ ഏകരക്ഷകൻ.

മുമ്പിൽ സാഷ്ടാംഗംചെയ്തു അവരുടെ ആഗ്രഹങ്ങൾ ബോധിപ്പിച്ചില്ലെ? അതുപോലെ നമ്മളും നമ്മൾക്കുവേണ്ടതെല്ലാം കർത്താവിനോടു ചോദിക്കണം. നിങ്ങൾക്കുവേണ്ടിയും അപ്പൻ, അമ്മ, സഹോദരന്മാർ, സഹോദരികൾ, മുതലായവക്കുവേണ്ടിയും; മാപ്പാപ്പാ, മെത്രാന്മാർ, പട്ടക്കാർ, കന്യാസ്ത്രികൾ ആദിയായവക്കുവേണ്ടിയും, അജ്ഞാനികളുടെയും ഇടത്തുട്ടുകാരുടെയും മനസ്സുതിരിവിനുവേണ്ടിയും മറവും അപേക്ഷിക്കണം." ഇങ്ങനെയുള്ള ഉപദേശങ്ങൾ പറഞ്ഞുകൊടുത്തു അപ്പൻ മക്കളെയെല്ലാം അനുഗ്രഹിച്ചു. അവർ അപ്രകാരം ചെയ്തുകൊള്ളാമെന്നു വാക്കുംപറഞ്ഞു.

1927-ൽ ഇംഗ്ലണ്ടിൽനിന്നു പുറപ്പെട്ട 'കത്തോലിക്ക് ഡിറക്ടറി' എന്ന പ്രസിദ്ധീകരണത്തിലെ കണക്കുപ്രകാരം ലോകമാസകലം എല്ലാ ദിക്കിലുമുള്ളപ്പെട്ട കത്തോലിക്കരുടെ ആകെ സംഖ്യ 334,664,791 ആണെന്നു കാണുന്നു.

* * *

അയർലിഷ്കാരായ വൈദികവിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കു റോമിൽ പുതുതായി പണിയുന്ന കെട്ടിടത്തിന്റെ മിലവിലേക്കായി പതിനൊന്നാംപീയുസ് മാപ്പാപ്പാതിരുമനസ്സുകൊണ്ടു ഫ്രാങ്ക് ലക്ഷം ലീര (൩൦൦,൦൦൦ ക.) ദാനം ചെയ്തുണ്ടായി.

* * *

തെക്കെ അമേരിക്കയിലെ മദ്ധ്യഭാഗത്തു, മെക്സിക്കോക്കു അടുത്തു കിടക്കുന്ന ഒരു പ്രജാധിപത്യരാജ്യമാണ് 'ഗ്വാട്ടമാല'. കഴിഞ്ഞ മേയ് മാസത്തിൽ അവിടത്തെ ഗവർമേൻറ്, ഇപ്പോൾ മെക്സിക്കോയിൽ നടക്കുന്നതിനേക്കാൾ ക്രൂരതരമായവിധം, കത്തോലിക്കരെ പീഡിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോടിടയുണ്ടായ പുതിയ തിരിഞ്ഞെടുപ്പിൽ സിഞ്ഞോർ എൽ. ചാക്കോൺ എന്നയാൾ പ്രസിഡെൻറായി നിയമിക്കപ്പെട്ടു. അദ്ദേഹം കത്തോലിക്കർക്ക് മതസ്വാതന്ത്ര്യം നൽകിയിരിക്കുന്നു. രാജ്യത്തു ഫ്രാങ്ക് ലക്ഷത്തിൽപരം ജനങ്ങളുണ്ട്. മിക്കവാറും എല്ലാവരുംതന്നെ കത്തോലിക്കരാണ്. മതസ്വാതന്ത്ര്യം ലഭിച്ചതിൽ നാടൊട്ടുക്കു ജനങ്ങൾ സന്തോഷം പ്രകടിപ്പിച്ചുവരുന്നു.

ആരിനാൽ ക്രിസ്തുവെപ്പോലെ ആത്മാവിനെ രക്ഷിക്കുകയില്ല.

നമ്മുടെ കർത്താവിന്റെ പീഡാനുഭവം.

(ദിവ്യശ്രീ എൽ. ജേ. ര. മാപ്പുകൽ.)

("പാരതമാതാപ്പെറ്റ" എ. മ.)

14. യൂദന്റെ മുത്തിനാലെ, ഒട്ടും ഫലമില്ലാതെ
പട്ടാളക്കാർ കൂടിയും, നേരമതുള്ളി നാഥൻ,
"ആരെയോക്കുന്നു, എന്തിനു,നായ്നടക്കുന്നു?"

15. "നസ്രായനീശോ" യെന്നു, ഓതിയപ്പോൾ "ഞാനെ"ന്നു
ഇസ്രേലിൻ സിംഹനാദം, കേട്ടേവരുംഭയന്നു
ഭൂമിയിൽകേണു, ബോധ,മെന്നിയെ വീണു

16. പെട്ടന്നെഴുന്നേൽപ്പിച്ചു, യൂദൻക്കുനൽകിയാജ്ഞ
ഇഷ്ടംപോൽചെയ്യാൻ; എന്നാൽശിഷ്യരെയേൽപ്പിച്ചതില്ല
ഭക്തരോടുതന്നോസ്നേഹം, നിസ്തുലമതത്രെ

17. പത്രോസ്വാളൂരിവീശി, മൽക്രുസിൻകാതറുത്തു
കർത്താവുടൻ മുറിഞ്ഞ, കാതിനെയും സൌഖ്യമാക്കി
വൈരിയോടിദം, പ്രതികാരത്തിൻവിധം

18. കെട്ടി കയറാലവർ, മുഷ്ടിപ്രഹരമേറ്റി
സൃഷ്ടാവിനെയഹോവൻ, മോഷ്ടാവെപ്പോൽനയിച്ചു
അന്നാസിൻമുൻപിൽ, പിന്നെ, കൈപ്പാസിൻ മുൻപിൽ

19. അന്യായമയ്നീനീചാ! അന്നാസിൻപക്കൽതന്നോ
കന്നത്തടിച്ചോ; രൊറ വാക്കാൽ നീ ഭസ്മമല്ലേ?
മർത്യമാലിന്യം, കാണ്മിൻ, ദൈവകാരുണ്യം

20. കയ്യേപ്പാസ് സന്നഹദ്രീൻ, തന്നിൽ നസ്രായവധം
ചെയ്യേണ്ടതെങ്ങിനെയെ, ന്നാലോചിച്ചായതിന്നായ്
കള്ളസ്സാക്ഷികളെ, കൂട്ടി നീചസ്സേവകരെ

21. പത്രോസബലവാക്യം, കേട്ടഭീരുതപമാന്നു
കർത്താവിനെയറികയില്ലെന്നോതിത്യജിച്ചു
മൂന്നുനേരവും, ഒരംശോ, ചൊന്നപോലെയും

22. അല്ലേ! പാപീ! നീയിദം, അല്ലേ ംരംശോയെ അല്ലേം
അല്ലൽമാനമിത്യാദിക്കായ് തള്ളീട്ടന്നിതേററം
നീചമല്ലയോ? നാശ, മൂലമല്ലയോ?

23. പെട്ടെന്നു കുക്കുടത്തിൻ, നാദംകേട്ടീശോയുടെ
നോട്ടംവീക്ഷിച്ചശിഷ്യൻ, എറ്ററം പ്രലപിച്ചിതു
പോലെയേവരും, ചെയ്താൽ, ഭാഗ്യവുംവരും.

24. കയ്യേപ്പാസിൻ ഭവനെ, രാത്രിയിൽ സൂക്ഷിക്കുവാൻ
കയ്യേററനീചരങ്ങെ, യേൽപ്പിച്ചനിന്ദയെല്ലാം
അറിഞ്ഞിടാൻ വിഷമം, കണ്ടാൽ, പറയാനുംവിഷമം

25. ദുഷ്ടാചായ്മാരുടൻ, കഷ്ടം! പീലാത്തോസിന്റെ
പക്കൽനയിച്ചുകുററ, മോതിയിരന്നുവിധി
പരസ്യമാക്കുവാനായ്, ക്രൂശിൽതറച്ചുകൊല്ലുവാനായ്

26. യൂദരാജൻതാനെന്നും, ദൈവപുത്രനാണെന്നും
യൂദവംശേന്ദ്രവാക്യം, കേട്ടുപീലാത്തോസ് ഭയന്നു
ംരംശോയെവിടുവാൻ, മാഗ്രം, നോക്കിനാനുടൻ

27. എന്നാൽ ആചായ്വുരേയും, സന്തോഷിപ്പിക്കാൻഭീരു
നന്നായ്നിനച്ചുതുണിൽ, തുക്കിയടിച്ചീക്കാഴ്ച
പരമസ്സങ്കടമെ, ംരംശോ! പരമപ്പാൻകടമെ!

28. മൂംമടീമാത്തിയഹോ! ഞാങ്ങണച്ചെങ്കോലേകി
കൺമൂടിയാക്ഷേപിച്ചടി, ച്ചാച്ചെന്നാഞ്ഞുംകയ്യിൽ
ആട്ടിൻകുട്ടിയെപ്പോൽ, പെട്ടതാൻവലഞ്ഞുപോയ്

29. പിന്നീടേറോദേശിന്റെ, പക്കൽതന്നെയയച്ചാൻ
മന്നൻമാപാപിദിവ്യ, നാദംപോലുംശ്രവിക്കാ-
തീശോദ്ഭാന്തനെ, ന്നോതി, കോപാക്രാന്തനായ്

30. റോമാധികാരിതന്നെ, ബാറബ്ബാതുല്യനാക്കി,
ചോരനെവിടുയപ്പാൻ, നാഥനെനിഗ്രഹിപ്പാൻ
നിലവിളിച്ചുയൂദർ, എത്ര, കഠിനകൃത്യമയ്യോ!

വിശ്വസിച്ചാൽപോര, മ്ശിഹായുടെ കല്പനകൾ അനുസരിക്കയുംവേണം.

31. പീലാത്തോസ് കൈകഴുകി, "നിർമ്മലൻ ഞാ"നെന്നോതി
സാനന്ദമോതിയുദർ, "പാപംഞങ്ങൾക്കെ"ന്നു; മെത്ര
നീചതപാപംപാക്കിൽ, അന്ധതാധിക്യംനോക്കിൻ!

32. പെട്ടെന്നാട്ടത്തുതോളി, ലോരിവൻക്രൂശുമരം
ഇഷ്ടംപോൽദ്രോഹമേല്പി, ച്ചട്ടഹാസത്തോടെയവർ
കാൽവറിമുകളിൽ, കേറി, മാമലമുകളിൽ

33. മാതാവുമാത്തനേറ, ജാതനെക്കണ്ടതുല്യ
ഖേദാസ്രുമേറുശങ്ക ഭേദിച്ചപോയശക്യം
വിവരിച്ചീടുക; അല്പം, ധ്യാനിച്ചീടുക

34. ക്ലേശിച്ചസ്ത്രീകൾക്കുതാൻ, ആശ്വാസമേകിതന്നെ-
ക്രൂശേന്തിസീമോനേററം, ഭാഗ്യവാനായിതുപോൽ,
ചെയ്താൽനമ്മളും ഭാഗ്യവാന്മാരായിടും

35. ഭാരത്താൽതാൻവലഞ്ഞു, ക്രൂശോട്ടുകൂടിവീണ
വേറോനിക്കാതുടച്ച, ശീലമുഖമായയേതി
ദിവ്യമാനനം, കാണ്മിൻ, എത്രമ്ലാനമായ്

36. കാൽവറിമോളിലെത്തി, വസ്ത്രംപറിച്ചുകറി
ക്രൂശിന്മേലേകിടത്തി, കൈകാൽവലിച്ചുകറി
ആണികൊണ്ടുതറ, ച്ചിതു, ക്രൂരമെന്തുചേരെ?

37. ദ്രോഹോട്ടുവേണപ്പോൻ, ദൈവമനുഷ്യൻദ്രോഹിൽ
കൈവീശിനഗ്നമായി, തുങ്ങുന്നകാഴ്ചകാണിൻ
ലോകരേ! യിതിൻ, മൂലമെന്തെന്നോക്കുവിൻ

38. നാഥൻമരിക്കുമെന്നു, യൂദാസറിഞ്ഞുനീച-
ക്ലേശംനിരാശപൂണ്ടു, പാശംകെട്ടിത്തൂങ്ങിച്ചത്തു
ദൈവത്തിലാശ,ഇല്ലെ, ന്നാകിലോനാശം!

39. ചാരെയനുഗമിച്ച, മാതാവും യോഹന്നാനും
മേരിമഗ്ദലേനയും, സ്ത്രീകളും നിൽക്കുന്നോട-
ത്തെത്തുവിൻ ഇപ്പോൾ, സ്വം, പാത്തുധ്യനിപ്പിൻ

മാത്തോദീസാ മുങ്ങുമാമെന്നു മീശിഹാ കല്പിച്ചിട്ടുണ്ടു.

40. "വാ നീ കുരിശിൽനിന്നും, ദൈവസുതനവനെന്നു
കാണിപ്പിൻ വിശ്വസിക്കാം" ശതിയാ ചായ്ച്ചരിദം
സകലതുംകൂടി, കൂവി, നിന്ദയായ് പാടി

41. വസ്ത്രങ്ങൾഭാഗിച്ചവർ, മേലങ്കിചിട്ടിയിട്ട
കുത്താവു ക്രൂശിൽനിന്നും, വാക്യങ്ങളേയുമോതി
വായിച്ചീടുവിൻ, ശാസ്ത്രം, ധ്യാനിച്ചീടുവിൻ

42. കള്ളനുരക്ഷനൽകി, ചൊൽക്കൊയും താൻതസിച്ച
സൈന്യാധിപൻ "ദൈവത്തിൻ, ജാതനിയാളെന്നുചൊല്ലി
മാതാവോടിതായോതി, ടുന്നുതാനിദം

43. യോഹന്നാനെക്കാണിച്ചു, "സ്ത്രീയെ ഇതാനിൻമകൻ"
യോഹന്നാനോടിതാ "നിൻ, മാതാവ" ഹോ! നമുക്കായ്
അഖിലവുംതന്നു, സ്വന്തം ജനിയെയും തന്നു

44. "സർവ്വംതികഞ്ഞു" വെന്നും, "താതാനിൻ കയ്യിലെന്റെ
ജീവൻ തരുന്നു" വെന്നും, ശതിയാത്മംപിരിഞ്ഞു
മനുജപാപവും, നീക്കി, ദൈവകോപവും

45. പെട്ടെന്നിനൻമരഞ്ഞു, പൊട്ടിപ്പിളന്നുപാവ
സൃഷ്ടികളാസകലം, ഭ്രവാകെഭീതിപൂണ്ടു
കൂട്ടമായോടി, പാരി, ലെങ്ങുംഭീകൂടി

46. ജാതൻമരിക്കുന്നേരം, താതൻകരഞ്ഞുവസ്ത്രം
കീറുംപോൽ ദേവാലയ, ശീലകീറി, ബലിയും
പഴയനിയമവും, മാറി, പുതിയനിയമമായ്

47. ഒറക്കണ്ണൻഹൃദയം, കുത്തിക്കീറിയവന്റെ
മറോക്കണ്ണുംതെളിച്ചു, പുത്തടക്കണ്ണുംതെളിച്ചു.
തിരുഹൃദയഭക്തി, പിറന്നു, വളന്നീടട്ടെനമ്മിൽ

48. സ്രഷ്ടാവിൻകാൽതഴുകും, മഗ്ദലേനായെപ്പോലെ
മുട്ടിന്മേൽവീണകണ്ണീർ, തുകിത്തൻകാൽകഴുകി
പാപമോചനം, ഇര, നീടിനേവനും

അതിനാൽ മാമ്മോദീസാ മുങ്ങിയെങ്കിലേ ആത്മാവിനു രക്ഷകിട്ടുകയുള്ളൂ.

49. ക്രൂശിന്മേൽനോക്കുനിന്നിൽ, ലേശമിളക്കമില്ലേ?
യൂദന്മാരെക്കാൾനീചൻ, യൂദാസിനെക്കാളുംനീ
നീചനാകുമോ? നാശ, പാശെത്തുമോ?

50. അയ്യോ? എൻജീവനാഥാ! വയ്യേമേൽപാപംചെയ്വാൻ,
വയ്യേനിൻഹിതടവും, മെയ്യുമിനിയുംതകർക്കാൻ
കരുണയോടെന്നെ, പാലി, ച്ചുനഗ്രഹിക്കണമെ.

ഫ്രാൻസിലെ കപ്പൽസൈന്യത്തിലെ ഒരു പ്രധാന ഉദ്യോഗസ്ഥൻ ആ ജോലിയിൽനിന്നും ഒഴിഞ്ഞു "വൈറ്റ് ഫാദേഴ്സ്" എന്ന പേരിൽ അറിയപ്പെടുന്ന സന്യാസസഭയിൽ ചേരുകയുണ്ടായി. അദ്ദേഹം—ഫാദർ മാൻകോർ—കഴിഞ്ഞ ജനുവരി ഏഴാംനു പുത്തൻ കുബ്ബാന ചൊല്ലി. ആ അവസരത്തിൽ അദ്ദേഹത്തിന്റെ കൂട്ടുദ്യോഗസ്ഥന്മാരായിരുന്ന പലരും സന്നിഹിതരായിരുന്നു.

* * *

നാലു കൊല്ലങ്ങൾക്കു മുമ്പു പ്രൊട്ടസ്റ്റാൻറു മതത്തിൽ നിന്നും കത്തോലിക്കമതത്തിലേയ്ക്കു ചേർന്ന ജി. കെ. ചെസ്റ്റർട്ടൻ എന്ന ഇംഗ്ലൻറിലെ സുപ്രസിദ്ധ സാഹിത്യകാരനെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ചുരുക്കമായിരിക്കും. അദ്ദേഹത്തിന്റെ ഭാര്യ ഇക്കഴിഞ്ഞ നവമ്പർമാസത്തിൽ കത്തോലിക്കമതം സ്വീകരിച്ചു. ആ മഹതിയും ഒരു വലിയ സാഹിത്യകാരിയാണ്.

* * *

യൂറോപ്യൻ രാജ്യങ്ങളിലെ സ്ത്രീകൾ ഇക്കാലത്തു ആചരിച്ചുവരുന്ന വസ്ത്രധാരണരീതിയെക്കുറിച്ചു മാപ്പാപ്പാ പരസ്യമായി ആക്ഷേപിച്ചിട്ടുണ്ടല്ലൊ. തിരുമനസ്സിലെ അഭിപ്രായം അനുസരിച്ചു പ്രവർത്തിപ്പാൻ സ്പെയിനിലെ രാജ്ഞി തീർച്ചയാക്കിയിരിക്കുന്നു. അടുത്ത ഓശാനഞായറാഴ്ചമുതൽ തൻറെ തോഴിമാരെല്ലാരും വേറെ രീതിയിലുണ്ടാക്കപ്പെട്ട വസ്ത്രങ്ങൾ ധരിക്കണമെന്നു രാജ്ഞി കല്പിച്ചിരിക്കുന്നു. നീണ്ട കൈകളും ഉയർന്ന കഴുത്തുമുള്ളതായിരിക്കണം ആ വസ്ത്രങ്ങളെന്നാണു നിശ്ചയം.

മ്ശിഹായിൽ വിശ്വസിക്കാത്തവർ എത്ര വളരെയുണ്ടു?

മത്സരകഥ.

ആപൃമിത്രം
or
രണ്ടു സ്നേഹിതന്മാർ.

(ശ്രീമാൻ പി. ഉലഹന്നൻ മാപ്പിള)

സമവയസ്സുകരായ ബാലന്മാരോടൊരുമിച്ചു്, വടകരപ്പള്ളിയുടെ സമീപപ്രദേശങ്ങളിൽ കുന്നും കുഴിയുമായികിടക്കുന്ന പൂൽത്തകിടികളിൽക്കൂടി 'പന്താടി' നടന്നപ്പോൾ എനിയ്ക്കു പത്തുവയസ്സുമാത്രമെ പ്രായമുണ്ടായിരുന്നുള്ളു. നാട്ടിൻപുറങ്ങളിലേ കുട്ടികൾ പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ ഉല്ലസിച്ചു് എപ്രകാരം ആരോഗ്യവാന്മാരായിത്തീരുന്നുവെന്നുള്ളതു് അങ്ങിനെയാണെനിയ്ക്കനുഭവമായതു്. ഇളം മുല്ലുതിന്നുതത്തിക്കളിയ്ക്കുന്ന കിടാക്കളുടെ കൂട്ടത്തിൽ ഉള്ളിച്ചാടാൻ ഞാനും കൂട്ടുകാരോടൊപ്പം താൽപ്പര്യം കാണിച്ചു. വിദ്യാലയത്തിൽനിന്നും വിശന്നോടിച്ചെല്ലുമ്പോൾ ചോദിയ്ക്കാതെ തന്നെ അത്യുത്സാഹത്തോടുകൂടി ആഹാരംതരുന്ന "അമ്മ"യ്ക്കു് എന്റെ നാഡികളിലെ രക്തത്തിൽ യാതൊരവകാശവുമില്ലെന്നെനിയ്ക്കു മനസ്സിലായതു് അക്കാലങ്ങളിലായിരുന്നു. എന്റെ ജനയിത്രി (പൊറാമ്മ) എനിയ്ക്കൊരുവയസ്സായിരുന്നപ്പോൾ ഇഹലോകവാസം വെടിഞ്ഞുവത്രെ. തന്മൂലം അപ്പൻ പുനർവിവാഹം ചെയ്കയും, അങ്ങിനെ പിതാവിന്റെ ഭാര്യ എന്റെ വളർത്തമ്മയായിത്തീരുകയും ചെയ്തു. എങ്കിലും ഞങ്ങൾ തമ്മിലുള്ള പെരുമാറ്റം ഒരു വളർത്തമ്മയുടേയും വളർത്തുപുത്രന്റേയും നിലവിലായിരുന്നില്ല. ഇത് ഒരു അത്ഭുതമായി പലരും വിചാരിച്ചേയ്ക്കാം; എന്തെന്നാൽ സാധാരണ ഒരു രണ്ടാനമ്മ തന്റെ ഭർത്താവിന്റെ ആദ്യത്തെക്കെട്ടിലുള്ള സന്താനങ്ങളോടു കാണിയ്ക്കാറുള്ള കഠിനകൃത്യങ്ങൾ സുപ്രസിദ്ധങ്ങളത്രേ.

ഞങ്ങളുടെ കുടുംബം പൊരുതാണികുടുംബംകൊണ്ടും, ധനപുഷ്ടികൊണ്ടും സുപ്രസിദ്ധമായിരുന്ന ഇലവുങ്കലെ തറവാടായിരുന്നു. എന്റെ വല്യുപ്പൻ ഭാഗം കയ്യാറാതൊട്ടുള്ള വളരെക്കാലമായി അവിടെ നിലനിന്നിരുന്ന ഐശ്വര്യം നശിച്ചുവെന്നു പറയാം. അദ്ദേഹത്തിന്റെ ആദ്യത്തെ രണ്ടു പുത്രന്മാരിൽ ഒന്നാമനായിരുന്ന അപ്പൻ, ഭാഗ്യ

അവർക്കു വിശ്വാസം കൊടുക്കാൻ നമ്മൾ പൊരുതോടു പ്രാർത്ഥിക്കണം.

ദോഷങ്ങൾ വലിയപ്പന്റെ അൻപതാംവയസ്സിൽ വലിയമ്മ മരിച്ചു പോകയും, എന്റെ പിതാവിന്റെയും പിതൃസോദരന്റെയും ഇഷ്ടത്തിനു വിപരീതമായി അദ്ദേഹം പിന്നീടു രണ്ടു വിവാഹം കൂടി കഴിക്കുകയും ചെയ്തു. ഓരോന്നിലും ഓരോ പുത്രന്മാർകൂടി ഉണ്ടായി. പുനർവിവാഹത്തിനു യാതൊരാവശ്യവുമില്ലാതിരുന്ന പിതാമഹൻ അപ്രകാരം ചെയ്തതിൽ എന്റെ അപ്പനദ്ദേഹത്തോടു തോന്നിയ വിരസം മനഃപ്പൂർവ്വമാണെന്നു മാത്രമെ ആകുന്നുള്ളൂ. അപ്പന്റെ ഒന്നാംവിവാഹം കഴിഞ്ഞിരുന്നതിനാൽ മേല്പറഞ്ഞ സാഹചര്യങ്ങളിൽ തറവാട്ടിലെ താമസം സുഖാനുഭവപ്പെടാതിരുന്നതുകൊണ്ടും അദ്ദേഹം ഇളന്തോപ്പുപുരയിടത്തിലേയ്ക്കു മാറിത്താമസിയ്ക്കുകയും, ഇങ്ങിനെ അതെന്റെ സ്വന്ത ഭവനമായിത്തീരുകയും ചെയ്തു. ഞാൻ ജനിച്ചതും വളർന്നതുമെല്ലാം ഈ ഭവനത്തിൽ തന്നെ.

ഇപ്രകാരം തറവാട്ടിൽനിന്നും വേർപെട്ടു വളർന്നു എനിയ്ക്കു വല്യപ്പനെപ്പറ്റി യാതൊരറിവുമില്ലായിരുന്നു. ബദ്ധശത്രുവിനോടെന്നതുപോലെ അപ്പനോടു പെരുമാറിയിരുന്നതിനാൽ ഇദ്ദേഹത്തോടെനിയ്ക്കു യാതൊരു പരിചയത്തിനും ഇടയായില്ല. വല്യപ്പന്റെ മൂന്നാംവിവാഹത്തിൽ ഒരു പുത്രൻകൂടിയുണ്ടായി. ഈ ഇളയപ്പനേക്കാൾ എനിയ്ക്കു ആറുമാസത്തെ മൂപ്പു കൂടുതലുണ്ടായിരുന്നു. പിതാമഹൻ വഴിയിൽവച്ചു എന്നെ കണ്ടാൽ യാതൊന്നും സംസാരിയ്ക്കാതിരുന്നതുകൊണ്ടു കാരണവന്മാർക്കു വകാശമുള്ള ബഹുമാനംകൂടി അദ്ദേഹത്തിനെന്നിൽനിന്നും ലഭിച്ചിരുന്നില്ല. വലിയപ്പന്റെ ഇളയപുത്രനും, എന്റെ ഇളയപ്പനുമായ കുട്ടപ്പനും ഞാനും ഇംഗ്ലീഷ്സ്കൂളിൽവച്ചു പരിചയപ്പെടുകയും, അവിടത്തെ സാഹിത്യസമാജത്തിൽവച്ചു ഞങ്ങൾ ബാലിശമായ ഒരു പോർവിളി നടത്തുകയും ചെയ്തു. ഇതു ഭാവിയിലുണ്ടാകുവാനിരുന്ന വലിയ കുലാപത്തിന്റെ മുന്നോടിയാണെന്നാരും ധരിച്ചിരുന്നില്ല, നിശ്ചയം.

അക്കാലങ്ങളിൽ ഞാൻ പലപ്പോഴും പള്ളിമുറിയിൽ പോയി കിടക്കുക പതിവായിരുന്നു. എന്റെ കുടുംബസ്ഥിതികളെല്ലാം ശരിയായി ഗ്രഹിച്ചിരുന്ന വികാരിയച്ചൻ പിതൃനിർവ്വിശേഷമായ ചില ഉപദേശങ്ങൾ എനിയ്ക്കു നൽകാതിരുന്നില്ല. പ്രതികാരശക്തി എന്നിൽ ഇല്ലാതാക്കുന്നതിനും മറുമായി മ്ശീഹായുടെ ക്ഷമയും ശത്രുസ്നേഹവും അദ്ദേഹം

൧൦ശ്ലോതന്റെ കഷ്ടാനുഭവത്തിനുമുമ്പു പിതാവിനോടു പ്രത്യക്ഷപ്പെട്ടു.

എനിക്കുപദേശിച്ചു. എന്തായാലും കുട്ടപ്പനെന്നോടുള്ള വെറുപ്പിനു യാതൊരു കുറവും കണ്ടില്ല.

കാലങ്ങൾ ക്ഷണത്തിൽ കഴിഞ്ഞുപോയി. പതിനെട്ടാമത്തെ വയസ്സിൽ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയുടെ നിലയിൽനിന്നും ഞാൻ ഒരു കോളേജുവിദ്യാർത്ഥിയായി മാറേണ്ടിവന്നു. ദൂരദേശത്തേക്കു വിദ്യാഭ്യാസാർത്ഥം പോകാൻ നിർബന്ധിതനായപ്പോൾ എനിക്കു പല പ്രതിബന്ധങ്ങളും നേരിട്ടു. തറവാട്ടിൽനിന്നും യാതൊരു സഹായവും ലഭിക്കാതിരുന്നതിനാൽ അപ്പൻ സപ്രയത്നംകൊണ്ടുതന്നെ കാലയാപനത്തിനും എന്റെ വിദ്യാഭ്യാസനത്തിനുമുള്ള ധനം സമ്പാദിക്കേണ്ടിയിരുന്നു. ഒരു ചിട്ടി നടത്തിയിരുന്നതിലും വലിയ കുഴപ്പങ്ങളുണ്ടായി. ഇതിന്റെ പ്രധാന കാരണക്കാർ വലിയപ്പനും മറ്റുമല്ലാതെ മറ്റാരുമായിരുന്നില്ല.

> ലോകത്തിലുള്ള ഒരു രാജാവു തന്റെ സന്നിധിയിൽ വരുന്നതിനു പ്രജകൾക്കു അനുവാദം നൽകിയാൽ എല്ലാവരും അതൊരു വലിയ അനുഗ്രഹമായി വിചാരിച്ചു രാജസന്നിധിയിൽ ചെല്ലും. എന്നാൽ ചില കത്തോലിക്കർ, എതൃയും നിസ്സാരമായ കാരണം പ്രമാണിച്ചു്, ഞായറാഴ്ച കുമ്പാനകാണേണമെന്നുള്ള മതലയെ നിറവേറാതിരിക്കുന്നുണ്ടു്. അങ്ങനെയുള്ളവർ അവരുടെ സ്വർഗ്ഗീയ രാജാവിന്റെ ക്ഷണത്തെ വിലയില്ലാത്തതാക്കിത്തള്ളിക്കളയുകയാണു ചെയ്യുന്നതു്.
>
> (അലഹബാദിലെ മെത്രാനച്ചൻ.)

അപായശങ്കപോലുമുണ്ടാകത്തക്കവണ്ണം ഉടയവരുടെ ഉപദ്രവം മൂലം്നു ദശയിലെത്തിയ ഒരു വട്ടത്തിലാണു് ഞാൻ ദൂരദേശത്തുപോയി വിദ്യാഭ്യാസം ചെയ്യേണ്ടിവന്നതു്. ഞങ്ങളുടെ ബദ്ധവൈരിയായിത്തീർന്നിട്ടുള്ള കുട്ടപ്പൻ അഞ്ചാം ഫാറം വരെ പഠിച്ചശേഷം പാഠശാല വിടുകയും, എന്റെയും അപ്പന്റെയും അഭ്യുദയത്തെ എല്ലാപ്രകാരത്തിലും തടയുന്നതിനു സന്നദ്ധനാവുകയും ചെയ്തു. അയാളുടെ ശക്തിയുക്തമായ ശരീരപുഷ്ടിയും കുടിലഹൃദയവും എനിക്കു ഭയപ്രദങ്ങളായിത്തീർന്നു. ജ്യേഷ്ഠനെന്നുള്ള ബഹുമാനത്തെ അവഗണിച്ചു് അപ്പനെ ചീത്തപറയാനും അയാൾ മടിച്ചില്ല. കാരണവരുടെ ഓമനപുത്രനായിരുന്നതിനാൽ ഞങ്ങളെ നശിപ്പിക്കുന്നതിനുള്ള സകല പോംവഴികളും ആ യുവാവിനു

തന്റെ പിതാവുപദേശിച്ചുകൊടുത്തു. എഴുപത്തിയഞ്ചു കഴിഞ്ഞിരുന്ന എന്റെ പിതാമഹൻ പ്രായത്തിലും ദുഷ്ടതയിലും ഒരുപോലെ വൃദ്ധനായിരുന്നുവെന്നു പറഞ്ഞിരിക്കുകിൽ, ഞാൻ വാസ്തവം മറയ്ക്കുന്നില്ലെന്നോർക്കും. ഇങ്ങിനെ മുറുപാടുകളെല്ലാം സമ്പന്നാശത്തിനുമാത്രമല്ല, ജീവനാശത്തിനുപോലും ആനുകൂല്യം പ്രദർശിപ്പിച്ച ഒരു മുഹൂർത്തത്തിലത്രെ ഞാൻ തുരുനാപ്പള്ളിക്കു് പഠിക്കാൻ പോകണമെന്നു നിശ്ചയിച്ചതു്. യാത്രചോദിക്കുന്നതിനായി വല്യപ്പന്റെയടുക്കൽ ചെന്നു. പ്രോത്സാഹജനകമായ ഒരു വാക്കോ, വാത്സല്യസൂചകമായ ഒരു മന്ദഹാസമോ, ഔപചാരികമായ ഒരനുഗ്രഹമോ എനിക്കു ലഭിച്ചില്ല.

ഇങ്ങിനെ ബന്ധുക്കൾമൂലം നേരിട്ട പ്രതികൂല്യങ്ങൾക്കു (ഉപദ്രവങ്ങൾക്കു) മദ്ധ്യേ ജീവിതം എങ്ങിനെ സുസാദ്ധ്യമായിയെന്നു പറയുന്നതായാൽ, അതിനു വളരെ കാരണങ്ങളുണ്ടു. വീട്ടിൽ നിലനിന്നിരുന്ന സമാധാനവും, അപ്പന്റെ സ്ഥിരബുദ്ധിയും, വളത്തമ്മ എന്നോടു കാണിച്ചിരുന്ന നിസ്സീമമായ വാത്സല്യവും എന്റെ ഹൃദയത്തിനു് അതിയായ സന്തോഷത്തെ നൽകി. അപ്പന്റെ പുനർവിവാഹാനന്തരം അഞ്ചുകൊല്ലം കഴിഞ്ഞു് ഒരു പുത്രി ജനിച്ചു. ഏകനായിരുന്നതിൽ എനിക്കുണ്ടായ സന്താപം ഈ സഹോദരിയുടെ ജനനംമുതൽ ഇല്ലാതായി. സൌന്ദര്യത്തിലും സൽസ്വഭാവത്തിലും ആ കൊച്ചുസഹോദരി ഞങ്ങളെല്ലാവരുടേയും ലാളനാപാത്രമായി വളർന്നു. ഇപ്രകാരമെല്ലാം പരിശുദ്ധമായ ഒരു കുടുംബജീവിതം, സമാധാനപ്രിയിഷ്ടമായ ഒരു ഗൃഹവാസം, അനേക സങ്കടങ്ങളാൽ ചുറപ്പെട്ടിരിക്കുന്ന ഒരുവനുപോലും എന്തൊരാശ്വാസത്തെക്കൊടുക്കുന്നില്ല? സംബന്ധികൾ മിക്കവരും ഞങ്ങളുടെ ശത്രുക്കളായിരുന്നെങ്കിലും അപ്പന്റെ അടുത്ത അനുജനും മക്കളും ഞങ്ങളോടനുകമ്പയുള്ളവരായിരുന്നു. വല്യപ്പന്റെ വിരോധത്തിനു് അപ്പനേപ്പോലെ അവർ വിധേയരായിരുന്നില്ല. അയൽവാസികളും, വടക്കൂർക്കാർ മുഴുവൻതന്നേയും ഞങ്ങൾക്കു സഹായം ചെയ്തിരുന്നു. എന്നോടു കരുണക്കെല്ലാം വളരെ ബഹുമാനവും സ്നേഹവും ജനിച്ചെങ്കിൽ അതിനുത്തരവാദി എന്റെ ദൈവമല്ലാതെ ഞാനല്ലെന്നെനിക്കു് പൂർണ്ണബോധമുണ്ടു്.

ഇപ്രകാരം ശത്രുമിത്രങ്ങളെക്കൊണ്ടു നിറഞ്ഞ വടകരവിട്ടു കുറെക്കാലം തുരുനാപ്പള്ളിയിൽപോയി താമസിപ്പാനെന്നതന്നെ ഞാനുറച്ചു.

പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്നാണ് ഈശോ പ്രാർത്ഥിച്ചതു്.

വല്യപ്പനും വിശിഷ്യാ കുട്ടപ്പനും ഇതെത്രമാത്രം അസൂയാജനകമായിരുന്നുവെന്നു പറഞ്ഞറിയിയ്ക്കാൻ പ്രയാസം. അപ്പന്റെ കൈപ്പടയിലുള്ള എഴുത്തോ, പ്രത്യേക ആളിനേയോ അയയ്ക്കാതെ വീട്ടിലേയ്ക്കു വരുന്നതുള്ള ശാസനയോടുകൂടിയാണു് മാതാപിതാക്കന്മാർ എന്നെ അയച്ചതു്. അമ്മ, തന്റെ വളർത്തുപുത്രനെ ആശ്ലേഷിച്ചനുഗ്രഹിച്ചു. അപ്പൻ എന്റെ കൂട്ടത്തിൽ യാത്രയായി. കൊച്ചുസഹോദരി തന്റെ വാത്സല്യ സഹോദരന്റെ വിയോഗത്തിൽ കണ്ണുനീർ വർഷിച്ചു. "എന്റെ ദേശാന്തരവാസത്തിൽ കുട്ടപ്പന്റെ അസൂയാപൂർണ്ണമായ ഹൃദയത്തിനു് അനല്പമായ ആശ്വാസം നൽകിയ ഒരു പ്രധാന സംഗതിയുണ്ടായിരുന്നു.

നമ്മുടെ കർത്താവിന്റെ ഉയിർപ്പു്.

(സ്വാഗതം മുദാ' എ. മ.)

(ദിവ്യശ്രീ എൽ. ജേ. ശ. മാപ്പുകൾ).

പല്ലവി. ഈണ്ടുയർത്തഹോ! ഈണ്ടുയർത്തഹോ,!
ഈണ്ടുയർത്തഹോ! ഏശുമഹേശപരൻ.

ചരം. 1) വാനവഗായകർതൻ, ഗാനസപ്തനാദിമധ്യേ
സൂര്യവീര്യവും, ദൂരെയോടിട്ടം
ഭീഷ്മിമിന്നുന്ന ദിവ്യകളേബരം. (ഈണ്ടു.)

2) പഞ്ചരത്നങ്ങളെപ്പോൽ, പഞ്ചക്ഷതങ്ങളോടും
സ്ലീബായുംജയ-ചരിതനമായേന്തി
പൊങ്ങും ശോഭകണ്ടുമണ്ടി സേനാനികൾ. (ഈണ്ടു.)

3) പാപവും മൃതിയതും, ശാപവും നരകവും
വീര്യപ്രാഭവാൽ, ആയുശക്തിയാൽ
പൂർണ്ണമായ് ജയിച്ചുകി പ്രഭാധരെ. (ഈണ്ടു.)

4) പാടിടാംനമുക്കേറ്റം, മോദമോടല്ലേലൂയാ
പാപഹീനരായ്, ദ്യോപദാസരായ്
ഏശുനാഥനോടൊത്തു സജീവരായ്. (ഈണ്ടു.)

II.

തൃശ്ശനാപ്പള്ളി കോളേജിൽ വിദ്യാവനിതയെ വശഗയാക്കാൻ ഞാൻ യത്നിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ കുട്ടപ്പനും ഒരു വനിതാരത്നത്തെ കൈക്കലാക്കാൻ ശ്രമിയ്ക്കാതിരുന്നില്ല. അതു് വടകരത്തെ മികച്ച ധനവാന്മാരിൽ ഒരുവനായ മറ്റപ്പിള്ളിൻ മത്തച്ചന്റെ പുത്രി തങ്കമ്മയായിരുന്നു. അയാൾക്കു് ആ വീട്ടിൽനിന്നും ഇറങ്ങുന്നതിനുപോലും സമയമില്ലാതായി. ഗ്രഹനായികയുടെ സഖ്യം സമ്പാദിയ്ക്കാൻ ആ യുവാവു ചെയ്ത യത്നങ്ങൾ വാസ്തവത്തിൽ വലിയവതന്നെയായിരുന്നു. വളരെ നാളത്തെ ബുദ്ധിമുട്ടിന്റെ ഫലമായി മത്തച്ചന്റെ ഭാര്യ അന്നമ്മയെ അയാൾ സ്വാധീനപ്പെടുത്തി. ദുഷ്ടതയുടേയും ദുരഹങ്കാരത്തിന്റേയും അവതാരമെന്നു പേരുനേടിയിട്ടുള്ള കുട്ടപ്പന്റെ ആഗമനം ശുഭസൂചകമല്ലെന്നു നിശ്ചയിച്ചിരുന്ന മത്തച്ചനു് ഇയ്യാളുടെ വരവു് അത്ര രസിച്ചിരുന്നില്ല.

മത്തച്ചനു രണ്ടു പുത്രിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിനാൽ അതിയായ ദ്രവ്യാശയും കുട്ടപ്പനെ ആകഷിയ്ക്കാതിരുന്നില്ല. ഇവരിൽ തങ്കമ്മയെന്നു വിളിയ്ക്കപ്പെട്ടുപോന്ന ഇളയപുത്രി എലിക്കുട്ടിയായിരുന്ന അവിവാഹിത. അതിരമ്പുഴത്തെ ആരാധനമഠത്തിലുള്ള ബോർഡിങ്ങിൽ വസിച്ചു് ആംഗലവിദ്യാഭ്യാസം ചെയ്തിരുന്ന ഈ കന്യക സദ്ഗുണത്തിന്റെ വിളഭൂവും സൌന്ദര്യത്തിന്റെ മൂർത്തിയുമായിരുന്നു. ഒഴിവുകാലങ്ങളിൽ ഇവർ വീട്ടിൽവരുമ്പോൾ മറ്റപ്പിള്ളിൽനിന്നും ഇറങ്ങുവാൻ സമയമില്ലാതിരുന്ന കുട്ടപ്പൻ അഭിമുഖസംഭാഷണംകൊണ്ടു് തന്റെ യോഗ്യത മനോരാജ്യത്തിൽ മാത്രംകണ്ട ഭാവി ഭാര്യയെ ധരിപ്പിയ്ക്കാൻ വളരെ പണിപ്പെട്ടെങ്കിലും, ആ യുവാവിന്റെ സ്വഭാവം പിതാവുവഴി ഗ്രഹിച്ചിരുന്ന തങ്കമ്മ അയാളുമായുള്ള സംഭാഷണത്തിൽനിന്നും അകന്നുതന്നെ കഴിച്ചുകൂട്ടി. കുട്ടപ്പന്റെ നാനാഗുണങ്ങൾ തന്റെ പുത്രിയെ വണ്ടിച്ചുകേൾപ്പിക്കുന്നതിൽ അന്നമ്മ വളരെ ശ്രദ്ധയുള്ളവളായി കാണപ്പെട്ടു. എന്റെ വല്യപ്പനും ഈ വിവാഹക്കാര്യത്തിൽ അല്പമൊന്നുമല്ല ശ്രമിച്ചിരുന്നതു്.

ഇതിനിടയ്ക്കു്, എങ്ങിനെയോ, തങ്കമ്മയെ ഇളംതോപ്പിൽ പാറ്റപ്പച്ചൻ (എന്നായിരുന്നു എല്ലാവരും എന്നെ വിളിച്ചിരുന്നതു്.) വിവാഹം ചെയ്വാൻ നിശ്ചയിച്ചിരിക്കുന്നു എന്നൊരു ശ്രുതി വടകരമുഴുവൻ വ്യാപിയ്ക്കയും, കുട്ടപ്പനും പിതാവിനും ഈ വാർത്ത മനോഭേദകമായിത്തീരുകയും

പിതാവു മാലാഖയെ അയച്ചു രാത്രിയിൽ ആശ്വസിപ്പിച്ചു.

ചെയ്യു. അക്കാലങ്ങളിൽ എനിയ്ക്ക് ആ കന്യകയിൽ അനുരാഗം ജനിച്ചിരുന്നുവെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ, വിവാഹത്തിനുമുമ്പുള്ള സ്നേഹം, കല്യാണം നടക്കാതെവരുന്നപക്ഷം അനേകം ആപത്തുകൾക്കു കാരണമായേക്കുമെന്നുള്ള ബോധംനിമിത്തം എനിയിൽ അങ്കുരിതമായ അനുരാഗം എന്റെ പ്രാണനാഥനായ ഒരുശ്രോയുടെ ഇഷ്ടനുസരണം വളരുവാനേ ഞാനാഗ്രഹിച്ചുള്ളു. ഇപ്രകാരമെയ്യുന്നതായാൽ ആശാഭാത്തിൽ ഞാനമിതമായി സന്തോഷിയ്ക്കുയോ, ആശാനഷ്ടത്തിൽ അതിരുകവിഞ്ഞു ദുഃഖിക്കേണ്ടിവരികയോ ചെയ്കയില്ലെന്ന് എനിയ്ക്കു പൂർണ്ണശ്രദ്ധണ്ടായിരുന്നു. സംശുദ്ധമായ വിവാഹബന്ധത്തിൽ വധൂവരന്മാരെ തമ്മിൽ ബന്ധിയ്ക്കുന്നതു നിർമ്മലമായ സ്നേഹശൃംഖലകൾതാനെന്നു ധരിച്ചിരുന്നതിനാലും, പ്രേമസ്വരൂപനിൽ ആശ്രയിതമായ പ്രേമം പരിപാവനമാണെന്നുള്ള ബോധോദയത്താലും ഈ ഗുണാത്മകവികാരത്തെ ഞാനൊട്ടു പ്രതിരോധിച്ചതുമില്ല. വിഷയസങ്കലിതങ്ങളായ പ്രേമവികാരങ്ങൾക്കു വിധേയരായ യുവജനങ്ങളിൽ ഇപ്രകാരമുള്ള സാത്വികചിന്തകൾ എപ്രകാരമുണ്ടാകുമെന്നു ഞാൻ ശങ്കിച്ചിട്ടുണ്ട്. എന്നാൽ ഒരുശ്രോയുടെ സ്നേഹത്തിനു് എല്ലാം സുസാധ്യമാണെന്നറിയുന്നപ്പോൾ അനുഭവസിദ്ധമായി.

വിവാഹത്തെപ്പറ്റിയുള്ള കേട്ടറിവു നാട്ടിൽ പരന്നതോടുകൂടി എന്നേയും അപ്പനേയുംപറ്റി കുട്ടപ്പനും കൂട്ടരും പറഞ്ഞുനടത്തിയ ദുഷണങ്ങൾക്കു കയ്യും കണക്കുമില്ല. മരപ്പിള്ളിൽ വീട്ടുകാക്കു് അവരുടെ വിശ്രമസമയം മുഴുവനും എന്റെ കുറ്റം കേൾക്കാൻ ചിലവിടേണ്ടിവന്നു. കുടുംബദ്രോഹി; ആഭാസൻ; എന്നുവേണ്ട ഉപഹാരങ്ങളായ എല്ലാ ഉപഹാരങ്ങളും എനിയ്ക്കുകിട്ടി. എന്നെപ്പറ്റി അല്പം മതിപ്പുണ്ടായിരുന്ന മത്തച്ചനുപോലും ഈ അപവാദങ്ങൾ തീരെ അടിസ്ഥാനരഹിതങ്ങളോ എന്ന സംശയം ജനിച്ചുപോയി. ഇതൊന്നും അറിയാതെ ഞാൻ തുഷ്ണീംഭൂതനായി പാർത്തിരുന്നു.

കോളേജിലെ ബോർഡിംഗിലുള്ള താമസം എന്റെ ജീവിതത്തിൽ ഓർമ്മിയ്ക്കത്തക്ക ഒന്നുതന്നെയാണ്. ദേശാന്തരവാസവും, സഹവാസികളുടെ ആചാരവിചിത്രതയും, യൌവനത്തിളപ്പും ജീവിതചക്രത്തെ എപ്പോഴും മാറ്റങ്ങളിലേയ്ക്കു തിരിച്ചുവിടാൻ എന്നെ നിർബന്ധിച്ചുവെന്നു് എനിയ്ക്കുതന്നെ ഇപ്പോൾ നിശ്ചയമില്ല. അവിടെ എനിയ്ക്കു പല

സ്നേഹിതന്മാരുണ്ടായിരുന്നു; എന്നാൽ അവരുമായുള്ള ഇടച്ചിൽ ആത്മാവിന്റെ അഭിവൃദ്ധിയെ തടയുകയല്ലാതെ മറ്റൊന്നുംതന്നെ ചെയ്തിരുന്നില്ല. മാനസികമായ അസ്വാസ്ഥ്യവും ആത്മികമായ സന്ദേഹങ്ങളും (സംശയങ്ങളും) എന്നിൽ വർദ്ധിച്ചുതുടങ്ങി.

ഇങ്ങിനെയിരിക്കുമ്പോൾ ഒരു സഹവാസിയുമായി എനിക്കു സംസാരിക്കുവാനിടവരികയും, അയാൾ എന്റെ അയൽദേശക്കാരനും വളരെ സൌമ്യനുമാണെന്നു മനസ്സിലാക്കുകയും ചെയ്തതിനാൽ എനിക്കേറ്റവും ഉപകരിക്കുന്നതിനു ഒരു സ്നേഹിതൻതന്നെ ഇയാളെന്നു ഞാൻ നിശ്ചയിച്ചു. കേവലകൃത്യങ്ങളിൽ വളരെ ശ്രദ്ധാലുവായി പ്രദർശിപ്പിച്ച ഈ വിദ്യാർത്ഥിയെ മറ്റുള്ളവർ തങ്ങളുടെ സ്നേഹിതനായി സ്വീകരിച്ചില്ല. മിക്കപ്പോഴും മൌനമവലംബിച്ചിരുന്ന ഇയ്യാൾ ഞങ്ങളുടെ സാഹിത്യസമാജത്തിൽ അതിയായ വാഗ്വിലാസത്തോടെ ഒരു പ്രസംഗം ചെയ്തതും, അതിലെ അനവധി തത്വങ്ങളും, പ്രസംഗികന്റെ വക്തൃത്വവും എന്നിൽ അയാളെപ്പറ്റി എന്തെന്നില്ലാത്ത സ്നേഹബഹുമാനങ്ങൾ ജനിപ്പിച്ചതും ചെയ്തു. ഈ പുതിയ കൂട്ടുകാരന്റെ സംഭാഷണവിഷയങ്ങളെല്ലാം ആദ്ധ്യാത്മികങ്ങളും ജ്ഞാനസംവർദ്ധകങ്ങളുമായിരുന്നു. എന്നിൽ പ്രത്യക്ഷപ്പെട്ടിരുന്ന ചില ന്യൂനതകൾ ഇല്ലാതാക്കുവാൻ ഈ പുതിയ ആപത്തമിത്രം വളരെ യത്നിച്ചതും, ആ യത്നങ്ങൾ കാലദൈർഘ്യംകൊണ്ടെങ്കിലും സഫലങ്ങളാകയും ചെയ്യാതിരുന്നില്ല.

സബാസ്റ്റ്യൻ എന്നുള്ള ഇയാളുടെ പേർ കോളേജിൽ എവർക്കും സുപരിചിതമായ ഒന്നുതന്നെ. അപ്പോൾ പത്തൊൻപതു വയസ്സു പ്രായമായിരുന്ന ഈ യുവാവു് തന്റെ ഇടവകപ്പള്ളിയിൽനിന്നും കോളേജിൽനിന്നും ലഭിച്ചിരുന്ന സഹായധനംകൊണ്ടു് അയാളുടെ ഉന്നതവിദ്യാഭ്യാസം തുടർന്നുകൊണ്ടിരുന്നു. അധികാരികളുടെ വാത്സല്യഭാജനവും ഞങ്ങളുടെയിടയിൽ സമ്മതനുമായിരുന്ന സബാസ്റ്റ്യനോടുള്ള എന്റെ സൌഹാർദ്ദം വർദ്ധിച്ചുവന്നതോടുകൂടി മേലുള്ള വക്കീനോടു സന്തോഷവും, മറ്റുള്ളവക്കീനോടു വെറുപ്പും തോന്നി. കണ്ടാലും ലോകത്തിന്റെ ഭിന്നരുചി! ഒരു സ്നേഹിതനെപ്പോലെ ഉപദേശിച്ചും ആക്ഷേപിച്ചും, ഒരു സഹോദരനെപ്പോലെ ശാസിച്ചും അയാൾ എന്റെ ചീത്തവഴി, പൊങ്ങച്ചം മുതലായ ദുശ്ശീലങ്ങളെ ദൂരീകരിച്ചു. അനുദിന ദിവ്യകാരുണ്യസ്വീകരണത്തെപ്പറ്റിയുള്ള ഇയാളുടെ ഉപദേശം സ്വീകരിക്കുവാൻ

യൂദാസ് ഈശോയെ ശത്രുക്കൾക്കു ഒറ്റിക്കൊടുത്തു.

ഞാൻ വളരെ അമാന്തിച്ചുയും, ആ അമാന്തം എന്റെ ആത്മാവിനെ കുറേനാളത്തേയ്ക്ക് ക്ഷീണിപ്പിച്ചുയും ചെയ്തു. വൈദികാന്തസ്സുകാക്കും, വലിയ ഭക്തന്മാക്കും, വയസ്സന്മാക്കും വേണ്ടിയുള്ള ഒരു കൃത്യമെന്നാണ് അത്യുൽകൃഷ്ടമായ ഈ പ്രവൃത്തിയെ ഞാനെണ്ണിയതു്. ഭക്തി നല്ലതാണെങ്കിലും ഭക്തനായി നടക്കുന്നതും, അപ്രകാരം അന്യർ ധരിയ്ക്കുന്നതും ഒരു യുവാവിന്റെ പ്രൌഢിയ്ക്കു ചേർന്നതല്ലെന്നായിരുന്ന മറ്റുള്ളവരോടൊപ്പം എന്റേയും ബോധം. ഇപ്രകാരമുള്ള മിഥ്യാബോധങ്ങളെല്ലാം എന്റെ സ്നേഹിതൻ യുക്തിവാദങ്ങൾകൊണ്ടു ഖണ്ഡിച്ചിരുന്നു. ചില കൂട്ടുകാരുമായുള്ള സംഭാഷണങ്ങൾ വിശുദ്ധ മേശയിൽനിന്നും എന്നെ അകറ്റിയിരുന്ന സംഗതിയറിഞ്ഞപ്പോൾ ഒരു ആത്മീയഗുരുവിന്റെ ഗാംഭീര്യത്തോടെ അയാൾ, അപ്രകാരമുള്ള കൂട്ടുകാരിൽനിന്ന് എത്രക്ഷണം ഓടിയൊളിയ്ക്കുണമെന്നു് എന്നെ പഠിപ്പിച്ചെങ്കിലും മന്ദോഷ്ണനായിത്തന്നെ (മന്ദനായിത്തന്നെ) യായിരുന്ന ഞാൻ ജീവിച്ചതു്. എന്റെ ഈ അലസതയ്ക്കു ശിക്ഷയും ദുരസ്ഥിതമായിരുന്നില്ല. മനസ്സമാധാനം തീരെ നശിച്ചു. ഇങ്ങിനെ ആഴ്ചകളും മാസങ്ങളും പലതു കഴിഞ്ഞു പോയി. "എന്തുകൊണ്ട് എനിയ്ക്കു മ്ശിഹായുടെ വിരുന്നിൽ നിത്യം പങ്കാളിയായിക്കൂടാ" എന്നുള്ള ഒരു സ്വരം ആത്മാവിൽ സദാ മുഴങ്ങിക്കൊണ്ടിരുന്നു. ഇപ്രകാരം ചെയ്യുന്നപക്ഷം ഞാൻ സന്ന്യാസജീവിതമനുഷ്ഠിയ്ക്കേണ്ടിവരുമെന്നും, വിവാഹജീവിതത്തിൽ ഇതു് അസാദ്ധ്യമെന്നും ഉള്ള എന്റെ വാദങ്ങളുടെ മൌഢ്യത്തെ ഒരു താർക്കികന്റെ സാമർത്ഥ്യത്തോടുകൂടി സമ്പാസ്യൻ എനിയ്ക്കു കാണിച്ചുതന്നു. എന്റെ സ്ഥിതിഗതികളെല്ലാം സൂക്ഷ്മമായി ധരിച്ചിരുന്ന ഈ സ്നേഹിതൻ, ഒന്നരക്കൊല്ലത്തെ തന്റെ ഉപദേശം, ദിനംപ്രതി ദിവ്യകാരുണ്യമുൾക്കൊള്ളുന്നകാര്യത്തിൽ വിഫലമായതിലുള്ള മനോവേദനയോടുകൂടി ഒരു ദിവസം ഇപ്രകാരം പറഞ്ഞു.

"ഏറ്റം മുരടിച്ച ഒരു ഭ്രതകാലത്തിനിടയ്ക്ക് പലപ്പോഴും അനുഭവപ്പെടാത്ത പല സംഗതികൾ ഞാനനുഭവിച്ചുകഴിഞ്ഞു. സ്നേഹിതന്മാർമൂലം വരാവുന്ന ഗുണങ്ങളും ദോഷങ്ങളും വളരെ വലുതുതന്നെ. അന്ധകാരപൂർണ്ണമായ ഐഹികജീവിതത്തിൽ പരമോൽകൃഷ്ടമായ (ഏറ്റം ഉൽകൃഷ്ടമായ) ഒരു വിളക്കു ഞാൻ വളരെനാൾ അന്വേഷിച്ചു. ആ ദീപം ചിലപ്പോഴെല്ലാം എനിയ്ക്കു ലഭിച്ചിരുന്നെങ്കിലും നിത്യം അതു

നമ്മളും പാപ ചെയ്തു ഒരംശോയെ ഒറിച്ചൊടുക്കുന്നില്ലയോ?

കൈവശത്തിൽ വച്ചുകൊണ്ടിരിയ്ക്കുവാൻ ഞാൻ ശ്രമിച്ചില്ല. ഉയർന്നിയ്ക്കുന്ന പ്രതിബന്ധങ്ങളെല്ലാം ഇക്കാര്യത്തിൽ ഞാൻ കണ്ടു. അവ മഞ്ഞു നിറഞ്ഞ മലകൾപോലെ കടക്കാൻ പാടില്ലാത്തവയായും എനിക്കു തോന്നി. യൌവനത്തിന്റെ അതിത്തിയിൽ എത്തുകയും, കടക്കേണ്ടിയിരുന്ന ഒരു വനം ഞാൻ ദർശിയ്ക്കുകയും ചെയ്തു. കാട്ടുമൃഗങ്ങളുടെ അലച്ചിലും, വനത്തിന്റെ ഗാംഭീര്യവും എന്നെ വല്ലാതെ ഭയപ്പെടുത്തി. അപകടംകൂടാതെ ഈ കാടുകടക്കുന്നതിനുള്ള പല വഴികളും ഞാനാലോചിച്ചെങ്കിലും അവയിലെല്ലാം എനിയ്ക്കു പരാജയമേ സംഭവിച്ചതു്. മാന്യമിത്രമേ! വിശ്വസ്തനായ ഒരു സ്നേഹിതന്റെ വാക്കുകളിൽ നിങ്ങൾക്കല്പമെങ്കിലും വിശ്വാസം തോന്നുമെങ്കിൽ, ഞാൻ പറയുന്നതു കേൾക്കുക. നിത്യവും വിശുദ്ധ വിശ്വാസത്തിൽ സംബന്ധിക്കുണമെന്നു ഞാൻ വച്ചു. യൌവനത്തിൽഎന്നെ സംരക്ഷിയ്ക്കുന്നതിനും, അവശനായിരിയ്ക്കുമ്പോൾ എന്നെ ശക്തനാക്കുന്നതിനും, പരീക്ഷകളാലും വികല്പങ്ങളാലും (സംശയങ്ങളാലും) പീഡിതനാകുമ്പോൾ എനിയ്ക്കാശ്വാസം ലഭിയ്ക്കുന്നതിനും പര്യാപ്തമായ ഏകമാർഗ്ഗം മറ്റൊന്നുമല്ലെന്നു പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു് ഈ മാർഗ്ഗത്തിൽ തുടർന്നു തുടരുന്നതിനു നിശ്ചയിയ്ക്കുകയും, ആദ്യകാലങ്ങളിൽ നേരിട്ട വൈഷമ്യങ്ങൾ കടന്നു് ഇപ്പോൾ ഞാൻ വിജയിയാകുകയും ചെയ്തിരിയ്ക്കുന്നു. ഭാരമേറിയ ചുമടെടുക്കുന്നവർക്കു മുടന്താങ്ങിയെന്നു് സ്വയം അറിഞ്ഞിച്ചുകൊണ്ടു് എനിയ്ക്കുവിന്റെ അടുക്കൽനിന്നല്ലാതെ നിങ്ങളാഗ്രഹിയ്ക്കുന്ന ആശ്വാസവും സമാധാനവും ലഭിയ്ക്കുയില്ലതന്നെ. സത്യത്തേയും നീതിയേയും പ്രതി കഷ്ടതകൾ സഹിച്ചിരുന്ന പൂർവ്വകസ്യാനികളുടെ അനുദിനമുള്ള വി. കുർബാനയുടെ സ്മരണം നമുക്കും അനുകരണീയമത്രേ.

ഇങ്ങിനെ ചെയ്യാതിരിയ്ക്കുന്നതിനു് നിങ്ങൾക്കുള്ള ന്യായങ്ങൾ തീരെ ദുർബലങ്ങൾമാത്രമാണു്. പരിപൂർണ്ണനായിട്ടു് വി. മേശയിൽനിന്നും ഭക്ഷിയ്ക്കുമെന്നു നിങ്ങൾ വിചാരിയ്ക്കുന്നുവെങ്കിൽ, പരിപൂർണ്ണത, ദിവ്യകാരുണ്യസ്വീകരണത്തിൽനിന്നും കിട്ടേണ്ടതാണെന്നു ധരിച്ചാലും. സൃഷ്ടി, എത്ര വലിയ ഒരുക്കങ്ങൾ ചെയ്താലും സ്രഷ്ടാവിനു ചേർന്നതാകുന്നില്ലെങ്കിൽ, ആയത്തക്കാവിനെപ്പറ്റി നിങ്ങൾ എന്തിനു ക്ലേശിയ്ക്കുന്നു? "എന്റെ സന്തോഷം മനുഷ്യമക്കളോടുകൂടിയിരിയ്ക്കുന്നതിലാകുന്നു" എന്നുള്ള ദൈവശബ്ദത്തിന്റെ അനുപമമധുരമായ വാക്കുകൾ ആരെയാണാകർഷിയ്ക്കാത്തതു്? അനുദിനയാഗം ഞങ്ങൾക്കു നൽകുണമേയെന്നു നാം

പിതാവു മാലാഖയെ അയച്ചു ദൈവത്തെ ആശ്വസിപ്പിച്ചു.

പ്രാർത്ഥിക്കുന്നു; ദൈവത്തിൽനിന്നതു സ്വീകരിപ്പാൻ നിങ്ങൾ വൈമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ചെറിയ കുറവുകൾ കാണുന്നുവെന്നു വിചാരിച്ചു് നിങ്ങൾക്കു് ആത്മാവിന്റെ യാചന ഉപേക്ഷിക്കുന്നതു നന്നല്ല. എന്തെന്നാൽ നിസ്സാര രോഗങ്ങൾ ഉള്ളവനും ആഹാരം ആവശ്യമത്രേ; പലരും നിങ്ങളെ കള്ളക്കേസിക്കാരനെന്നും, കപടസന്ന്യാസിയെന്നും മറ്റും പറഞ്ഞു പരിഹസിച്ചേക്കാം. എന്നാൽ, ദൈവത്തിൽ ആശ്രയിക്കുന്ന ആത്മാവൊരിക്കലും നാണിക്കയില്ലെന്നു മനസ്സിലാക്കി ജീവിച്ചാൽ അവരുടെ ആക്ഷേപങ്ങൾ പുഷ്പവൃഷ്ടികളാക്കി മാറ്റാൻ നിങ്ങൾക്കു കഴിയും.

ഇതിൽ കൂടുതലായി എനിക്കു നിങ്ങളോടൊന്നും പറയേണ്ടതായിട്ടില്ല. ഒന്നരക്കൊല്ലംമുമ്പേ ഞാൻ നിങ്ങളോടു പരിചയപ്പെടാൻ തുടങ്ങി. ഈ ആപത്കാലത്തിൽനിന്നും നിങ്ങൾക്കു ലഭിക്കുവാൻ പാടുള്ളതിൽ ഏറ്റവും വലിയ ഒരു സഹായം ഈ ഉപദേശങ്ങളത്രേ. എന്നാൽ ഇതു കേവലം വനരോദനങ്ങളായിത്തീർന്നോ എന്നോർത്തു ഞാൻ വ്യസനിക്കുന്നു. എങ്കിലും ഞാൻ നിരാശനായിട്ടില്ല».

ദീർഘമായ ഈ ഉപദേശത്തിനുശേഷം കണ്ണുനീർക്കണങ്ങളോടുകൂടി അയാൾ എന്റെ അടുക്കൽനിന്നകന്നു് ചിന്താമഗ്നനായി നിൽക്കുന്നതുകണ്ടു. എത്രമാത്രം അയാൾ എന്നെ സ്നേഹിച്ചിരുന്നുവെന്നു് എനിക്കു പൂർണ്ണമായിട്ടു മനസ്സിലായി. എന്റെ മനസ്ഥിതിയിലുണ്ടായിട്ടുള്ള മാറ്റം. കപ്പേളയുടെ നേരെ നോക്കിനിന്ന എന്റെ ആത്മബന്ധുവിന്റെ അടുക്കൽചെന്നു് «ദൈവാനുഗ്രഹമുണ്ടെങ്കിൽ ഞാൻ ഇന്നുമുതൽ നിങ്ങളാഗ്രഹിക്കുന്നപ്രകാരത്തിലുള്ള ഒരുവനാണെന്നു ഉറപ്പുപറയുന്നു; എന്റെ ഈ നിശ്ചയം വ്യത്യാസപ്പെടാതിരിക്കട്ടെ» എന്നുപറഞ്ഞപ്പോൾ മഹാസന്തോഷംകൊണ്ടു സബാസ്റ്റ്യൻ എന്നെ തിരിഞ്ഞു് «ദൈവത്തിൽ ശരണപ്പെടുന്ന യാതൊരുത്തനും തോൽവി പറ്റുന്നില്ല» എന്നരുളിച്ചെയ്തശേഷം അവിടെനിന്നുംപോയി.

രണ്ടുകൊല്ലത്തിനുശേഷം ബി. എ. പരീക്ഷയ്ക്കു മുന്നുമാസംമുമ്പു് ഞാൻ വായിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കൊരു കമ്പിസന്ദേശം കിട്ടി. അതു് മർമ്മഭേദകമായ ഒരു വാർത്തയാണു് എന്നെ അറിയിച്ചതു്.

തുടരും.

നമ്മളും ലോകത്തെ ഉപേക്ഷിച്ച പിശാചിനെ അനുഗമിക്കുന്നില്ലയോ.

ത്രികാല വന്ദന. (തുടർച്ച)

(ശ്രീമാൻ പീറ്റർ കളപ്പുരയ്ക്കൽ, കടവന്ത്ര)

(മറിയമെ കന്നി or അമലക്കന്നിതൻ, എന്ന ലീതി)

ധിയത്തിലമ്പിനോടിരിക്കും, ഞങ്ങളു-
ടരിയതാതാ! നിൻതിരുനാമം
പരിപൂതമായ് സകലത്തിൽ മേലായ്
പരിപൂതമായി വിലസട്ടെ!
സകലലോകാധിപതിയെ! നിൻരാജ്യം
വരണമെ! നിത്യം ഭുവനത്തിൽ
കരുണാസംപൂർണ്ണനവിടത്തെച്ചിത്തം
പരത്തിലെന്നപോലിഹത്തിലും
വരുത്തീടേണമെ! അതിനിതാനിൻറെ
സുതരിവരേറെ നമിക്കുന്നു.
അനുദിനം ദിവ്യകരപത്മംകൊണ്ടു
വിതരീടമപ്പുക്ഷണങ്ങൾ
അതുമിന്നീയുള്ളോക്കിവിടന്നതന്നു
കൃപയോടെ പാലിച്ചരുളേണം;
ഇതരന്മാർചെയ്യും പിഴകളീഞങ്ങ-
ളുവരോടെങ്ങിനെ പൊറുക്കുന്നു
അതുപോൽഞങ്ങടെ പിഴകളൊക്കെയു-
മവിടന്നുമിന്നു പൊറുക്കേണം;
ഉലകം, സാത്താനും, ജഡവുമീമൂന്നു
വലിയവൈരികളവരുടെ
വലയിൽഞങ്ങൾപെട്ടലയാതെ നിത്യം
നലമോടെ കാത്തുകൊള്ളേണം;
ഇതുമെന്നെ പാപമലിനതക്കുടാ-
തിവരെനീ രക്ഷിച്ചരുളേണം.
പിതാവിനും തൻസുതനും ദൃഢാദ-
രുദശ്യനുമെന്നും സ്തുതിയായിടട്ടെ!
അനാരതം വിൺതലവെവിളങ്ങു-
ന്നനാദിനാഥൻ വിജയിച്ചിടട്ടെ! (ശുഭം.)

എന്റെ അമ്മ എന്നെ രക്ഷിച്ചു.

(ശ്രീമാൻ പോൾ ജെ. വിളങ്ങാടൻ.)

ഒരു കത്തോലീക്കാ വിദ്യാലയത്തിലെ യോഗത്തിൽ, അവിടത്തെ പൂർവ്വവിദ്യാർത്ഥിയായ ഒരു നാവികസൈന്യത്തിലെ ഉദ്യോഗസ്ഥൻ വിശ്വാസയോഗ്യനായ ഒരു ദൃക്സാക്ഷിയിൽനിന്നു കേട്ടതായി പറഞ്ഞ ഒരു സംഭവമാണു് താഴെ വിവരിക്കുന്നതു്.

പണ്ടൊരിക്കൽ, അതായതു് ആവിക്കപ്പൽ സർവ്വസാധാരണമായിത്തീർന്നിരുന്നു, ഒരു പായ്ക്കപ്പൽ പെസഫിക്കു് മഹാസമുദ്രത്തിൽക്കൂടി യാത്രചെയ്തുകൊണ്ടിരുന്നു. അത്യുഗ്രവും, അതിവിസ്തൃതവുമായ ആ സമുദ്രം പ്രശാന്തതയിൽതന്നെ സ്ഥിതിചെയ്തിരുന്നു. കപ്പലിലെ യാത്രക്കാരുടെ വിവിധകൃത്യങ്ങളിൽ സൊല്ലാസം ഏർപ്പെട്ടിരുന്നു. അതിമനോഹരമായ ആകാശത്തട്ടിൽനിന്നും സൂര്യൻ സമാധാനചിത്തനായി മറഞ്ഞുതോട്ടുകൂടി സന്ധ്യാവന്ദനത്തിനായുള്ള കൂഴൽവിളികേട്ടു് എല്ലാവരും നിശ്ചിതമുറിയിൽക്കൂടി പ്രാർത്ഥനകഴിച്ചു. ജപം അവസാനിച്ചു് യാത്രക്കാർ അവരവരുടെ മുറികളിലേക്കും മറ്റും തിരിച്ചുകൊണ്ടിരുന്നപ്പോൾ "ഒരാൾ വെള്ളത്തിൽ വീണു" എന്നുള്ള ഒരു നിലവിളികേൾക്കാറായി. പെട്ടെന്നു കപ്പലിന്റെ ഇരുവശങ്ങളിലുമായി ഓരോ പൊന്തി (Buoy) എറിഞ്ഞുകൊടുക്കുകയും, ഒരു തോണി ഇറക്കുകയും ചെയ്തുകൊണ്ടു പായചുരുട്ടി കപ്പൽ നിറുത്തി. വെള്ളത്തിൽ വീണുപോയ മനുഷ്യനെ ദൈവഗത്യാ വേഗം കണ്ടുപിടിച്ചു. അയാൾ ഇരുട്ടിൽ കാൽതെറ്റി വെള്ളത്തിൽ വീഴുകയാണുണ്ടായതു്. അയാളുടെ മനോധൈര്യത്തിനു കുറവു വരാതിരുന്നതിനാലും, നീന്തൽ നല്ലവണ്ണം ശീലിച്ചിരുന്നതുകൊണ്ടും അയാൾ അടുത്തു എറിയപ്പെട്ടിരുന്ന പൊന്തിയിൽ പിടിച്ചുകിടന്നു. കപ്പൽക്കാർ പൊന്തിയോടുകൂടിത്തന്നെ അയാളെ പിടിച്ചു കപ്പലിൽ കയറ്റി. അതിനാൽ എല്ലാവരും സന്തുഷ്ടചിത്തരായി അവരവരുടെ ജോലികളിൽ ഏർപ്പെടുകയും കപ്പൽ നിർബ്ബാധം മുമ്പോട്ടു ഗമിക്കയും ചെയ്തു.

ആസമയത്തു് കപ്പലിലെ രണ്ടു് ഉദ്യോഗസ്ഥന്മാർ പ്രസ്തുത സംഭവം ശുഭമായി അവസാനിച്ചതിനെപ്പറ്റിയും മറ്റും സംസാരിച്ചുകൊണ്ടു കപ്പൽത്തട്ടിൽ അങ്ങുമിങ്ങും നടക്കുകയായിരുന്നു. അവരിൽ ഒരുത്തൻ,

കുറേ വ്യസനഭാവത്തിൽ ഇപ്രകാരം പറഞ്ഞു: "കേപ്പ് ഹോൺ എന്ന മുനമ്പിൽവെച്ച് നമുക്കു രണ്ടു പൊന്തി നഷ്ടപ്പെട്ടു. ബാക്കിഉണ്ടായിരുന്ന രണ്ടെണ്ണമാണല്ലൊ നമ്മൾ ഇപ്പോൾ കടലിൽ എറിഞ്ഞുകൊടുത്തത്. അതിൽ ഒന്നല്ലെ നമുക്കു കിട്ടിയുള്ളൂ. മറേതിന്റെ കായ്യം നമ്മൾ മറന്നുപോയി. ഇനിയും വല്ല അപകടം സംഭവിച്ചാൽ അതിൽനിന്നു രക്ഷപെടാൻ ഒരു പൊന്തി മതിയാകയില്ലല്ലൊ!"

മറെറയാൾ: "അതിനെക്കുറിച്ചു ക്ലേശിക്കേണ്ട. 'പെറു' രാജ്യത്തുള്ള 'കല്ലാവൊ' തുറമുഖത്തു് അടുക്കുമ്പോൾ നമുക്കു എതു പൊന്തിയെങ്കിലും വിലയ്ക്കു വാങ്ങാം."

ആദ്യത്തെയാൾ: "ശരിതന്നെ. പക്ഷെ അവിടെ എത്തുന്നതിനു മുമ്പിൽ വല്ല അപകടവും നേരിട്ടാലൊ! പൊന്തിയില്ലായ്കയാൽ ആളുകളുടെ ജീവനെ രക്ഷിക്കാൻ കഴിഞ്ഞില്ലെന്നവരുന്നതു മഹാ കഷ്ടമായിരിക്കും. അതിനാൽ ഒന്നു ചെയ്യാം. നമുക്കു തിരിച്ചുചെന്നു മറന്നുപോയ പൊന്തി നോക്കി എടുക്കാം. കാറു് അനുകൂലമാണു്. കപ്പൽ തിരിച്ചുവിട്ടാൽ പക്ഷം ആ സ്ഥലത്തെത്തി രണ്ടാമതു പൊന്തി കണ്ടുപിടിക്കാം."

അതി പ്രസ്തുതമായിക്കിടക്കുന്ന പെസഫിക്ക് മഹാസമുദ്രത്തിൽ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു ചെറിയ പൊന്തി നോക്കിഎടുക്കാൻ അത്ര എളുപ്പമൊ! എങ്കിലും അയാളുടെ അഭിപ്രായം സ്വീകരിച്ചു കപ്പൽ പുറകോട്ടുതിരിച്ചുവിട്ടു.

കപ്പൽ തിരികെ പോകുന്നതിന്റെ കാരണം മനസ്സിലായപ്പോൾ ആളുകൾ ഉത്സാഹഭരിതരായി. നേരം പ്രഭാതമായതോടുകൂടി പൊന്തി കണ്ടുപിടിക്കുന്നതിനു് എല്ലാവരും കണ്ണു പറിക്കാതെ നാലുപാടും നോക്കിത്തുടങ്ങി. കുറെനേരം അന്വേഷിച്ചതിന്റെ ഫലമായി പൊന്തി ദൂരത്തിൽ കിടക്കുന്നതായി കണ്ടു. എന്നാൽ എല്ലാവർക്കും ആശ്ചര്യം ജനിപ്പിക്കുമാറു അതിൽ മുറുകെ പിടിച്ചുകൊണ്ടു ആരൊ ഇരിക്കുന്നതായും കാണപ്പെട്ടു. കപ്പൽ പൊന്തിയോടു സമീപിച്ചപ്പോൾ അതിൽ ഇരിക്കുന്ന ആൾ കപ്പലിൽ ജോലിയുള്ള ഒരു യുവാവാണെന്നു മനസ്സിലായി. ഈ ആൾപ്പെള്ളത്തിൽ വീണുപോയ സംഗതി ആരും അറിഞ്ഞിരുന്നില്ല. തണുപ്പുകൊണ്ടും ക്ഷീണംകൊണ്ടും തളർന്നു മിക്കവാറും

ഹൈന്ദവ ശിഷ്യന്മാരെ ശത്രുക്കളിൽനിന്നു രക്ഷിച്ചു.

ബോധഹീനനായിരുന്നെങ്കിലും അയാൾ പൊന്തിയെ മുറുകെ പിടിച്ചിരുന്നു. ആയാളെ കപ്പലിൽകയറ്റി വേണ്ട ശുശ്രൂഷകൾ ചെയ്തു സംസാരിക്കാറാക്കി.

ജോലി ഒന്നും ഇല്ലാതിരിക്കുമ്പോൾ മനസ്സ് അനാവശ്യചിന്തകൾക്കധീനമാകുന്നു. ഭോഗാദികളിൽ ആസക്തി പ്രകാശിപ്പിക്കും. തദ്വാരാ വികാരാധീനമായ മനസ്സ് ചിന്താകുലമായിരിന്നു ദുഷ്കൃത്യങ്ങൾ ചെയ്യാൻ തുനിയുന്നു. വിധിപ്രകാരമുള്ള കൃത്യങ്ങൾ അനുഷ്ഠിക്കുന്നവന് മേല്പറഞ്ഞവിധം മനസ്സിനെ ചീത്തയാക്കുന്നതിനും ദുഷ്പ്രവൃത്തിചെയ്യുന്നതിനും സമയവും സൗകര്യവും ലഭിക്കുന്നതല്ല. മടി സകല നാശത്തിനും മാതാവാകുന്നു. അതുകൊണ്ടു ചെയ്യാനുള്ളതു ഉത്സാഹപൂർവം ചെയ്യുക. അങ്ങിനെ ദോഷമാർഗ്ഗങ്ങൾ അടച്ചുകളയാം.

(കട്ടംബപ്രതിദീപിക.)

അനന്തരം തനിക്കു പറ്റിയ അപകടത്തെപ്പറ്റി അയാൾ ഇപ്രകാരം പറഞ്ഞു. "ഇന്നലെ വൈകുന്നേരം ഞാൻ പാമരത്തിന്റെ മുകളിൽ സൂര്യാസ്തമനത്തെ സൂക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ആരോ കടലിൽവീണുപോയി എന്ന നിലവിളികേട്ടു; ആ മനുഷ്യനെ രക്ഷിക്കുവാനായി ഉടനെ ഞാൻ കടലിലേക്കു ചാടി. ഈ വിവരം കപ്പലിൽ ആരും അറിഞ്ഞിരുന്നില്ല. ആദ്യം വീണ മനുഷ്യനെ നിങ്ങൾ രക്ഷപെടുത്തി. എന്റെ കാര്യം നിങ്ങൾ അറിഞ്ഞിരുന്നില്ല. എങ്കിലും നിങ്ങൾ രണ്ടാമത്തെ പൊന്തി എടുക്കുന്നതിനായി വരുമ്പോൾ രക്ഷപെടാമെന്നു വിചാരിച്ചു ഞാൻ അതിനെ പിടിച്ചുകിടന്നു. പക്ഷെ എന്റെ ഭാഗ്യദോഷം കൊണ്ടാൽ നിങ്ങൾ പൊന്തികയറ്റുകാതെ യാത്രയുടനെ. എന്നെ രക്ഷപെടുത്തണമെന്നു വളരെ ഉച്ചത്തിൽ ഞാൻ നിലവിളിച്ചു. എന്നാൽ കപ്പൽ കുറെദൂരെ ആയിപ്പോയതിനാലും കാറ്റു ശക്തിയായി വീശിക്കൊണ്ടിരുന്നതിനാലും എന്റെ നിലവിളി വനരോദനമായി കലാശിച്ചതെയുള്ളൂ. രക്ഷപെടുന്നതിനു യാതൊരു മാർഗ്ഗവും കാണാഞ്ഞതിനാൽ ഞാൻ തീരെ നിരാശയിലായി. നേരവും രാത്രിയായി. അന്ധകാരവും, ശൈത്യവും അസഹനീയമായിരുന്നു. ശാന്തസമുദ്രം എന്റെ ശവക്കുഴിയായല്ലൊതെന്നോർത്തു് അത്യധികമായ വ്യസനം എനിക്ക

ങ്ങായി. രക്ഷപ്പെടുന്നതിനു് ഒരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ ചെറുതിയിന്മേലുള്ള പിടിവിട്ടു് തന്നത്താൻ മുങ്ങിമരിച്ചുകളഞ്ഞെങ്കിലൊ എന്നു വിചാരിച്ചു. എന്റെ കണ്ണുകളെ ആകാശത്തിലേക്കുയർത്തിയപ്പോൾ അവിടെ അതിശോഭയോടുകൂടി പ്രകാശിച്ചുകൊണ്ടിരുന്ന അനവധി നക്ഷത്രങ്ങളെ കണ്ടു. മിന്നിമിന്നിയുള്ള അവയുടെ പ്രകാശം "ആ സാഹസകൃത്യം ചെയ്യരുതെ" എന്നു കണ്ണുകൾ ചിമ്മി എന്നെ വിലക്കുകയാണെന്നു എനിക്കുതോന്നി. അപ്പോഴേക്കും എന്റെ ഒരുകൈ പൊറ്റിയിന്മേൽ നിന്നുവിട്ടു. ഉടനെ, മരിച്ചുപോയ എന്റെ പ്രിയ മാതാവിന്റെ ഓർമ്മ എനിക്കുണ്ടായി. ആ സ്നേഹമുള്ള മാതാവു് ചെറുപ്പത്തിൽ എന്നെ ഒരുത്തമ കത്തോലിക്കനായി വളർത്തുവാൻ ചെയ്ത നിരവധി ശ്രമങ്ങൾ ഓരോന്നായി എന്റെ ഓർമ്മയിൽ വന്നു. അതേ സമയംതന്നെ ജീവിതയാത്രയിലെ കഷ്ടതകളാൽ വഴിപിഴച്ചുപോകുന്നവർക്കു് മാർഗ്ദർശിനിയായ സ്വർഗ്ഗീയ നക്ഷത്രത്തെക്കുറിച്ചുള്ള വിചാരം ആകാശത്തിൽകണ്ട നക്ഷത്രങ്ങൾ എന്റെ മനസ്സിൽ ഉളവാക്കി. ചെറുപ്പത്തിൽ ഞാൻ സ്നേഹിച്ചിരുന്ന ആ ദേവമാതാവിന്റെ ഓർമ്മ എനിക്കുണ്ടായ മാത്രയിൽ സ്വർഗ്ഗത്തിലേക്കു ഞാൻ എന്റെ ദൃഷ്ടിയുയർത്തി എന്നെ ഈ അപകടത്തിൽനിന്നും രക്ഷിക്കണമെന്നപേക്ഷിച്ചു. അപ്പോൾ അവിടുന്നു കരുണാമസൃണമായ ഭാവത്തിൽ നക്ഷത്രങ്ങളുടെയിടയിൽക്കൂടി എന്നെ കടാക്ഷിക്കുന്നതായി എനിക്കു തോന്നി. അതോടുകൂടി എന്റെ അസ്തമിച്ചിരുന്ന ധൈര്യം എന്നിൽ വീണ്ടും ഉദിച്ചുയർന്നു. നശിച്ചിരുന്ന ആശയും പുനർജീവിച്ചു. സൂര്യന്റെ ആദ്യരശ്മികൾ ആകാശത്തിൽ വീശിത്തുടങ്ങി. ദൂരെ ചക്രവാളത്തിൽ ഏതോ ഒന്നു കാണപ്പെട്ടു. ക്രമേണ അതടുത്തടുത്തുവന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ അതൊരു കപ്പലാണെന്നു മനസ്സിലായി. കപ്പൽ എന്നെ സമീപിച്ചു. ഞാൻ യാത്രചെയ്തിരുന്ന കപ്പൽതന്നെയാണു് അതെന്നറിഞ്ഞപ്പോൾ സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി ഭക്തിപരമായ ചില ജപങ്ങളെ ചൊല്ലി ദൈവമാതാവിനു സ്തോത്രം പറയുകയും, മേലിൽ ആ അമ്മയുടെ ഒരു വിശ്വസ്ത പുത്രനായി ജീവിതം നയിക്കാമെന്നു പ്രതിജ്ഞചെയ്കയും ചെയ്തു. ഇങ്ങിനെ "എന്റെ അമ്മ എന്നെ രക്ഷിച്ചു."

കപ്പൽക്കാർ എല്ലാവരും ഈ കഥ സശ്രദ്ധം കേൾക്കുകയും തങ്ങളുടെ കൂട്ടുകാരനെ രക്ഷിച്ച മാതാവിനു സ്തോത്രംപറകയും ആ അമ്മയുടെ സംരക്ഷണയിൽ അവരെ ഓരോരുത്തരേയും സമർപ്പിക്കയും ചെയ്തു.

ശിഷ്ടഭാഗം രണ്ടാമത്തെ കഥയുടെ മുകളിലായി ചേർത്തിരിക്കുന്നതിൽ കാണാം.

പുനരുത്ഥാനഗാനം.

(ശ്രീമൻ ജോസഫ് ജി. പള്ളിപ്പാടൻ ഇടപ്പിള്ളി.)

രാഗം മെഞ്ചുരുട്ടി. താളം രൂപകം.

("ശ്രേഷ്ഠിൽമാനഗരം" എ. മ.)

1) ഉവ്വീപാലക! ജേതാവേ! ജീയതാം!
സവ്വലോകം രിങ്ങുംതവ - ശ്രീമൽ-
സവ്വവിജയ മാഹാത്മ്യം - വല്ലി-
ച്ചീട്ടുവാനേതുമിന്നു ശക്തരിൽ
ശക്തനാം തവ ശാത്രുമോക്കുകിൽ,-

2) വൈകല്യ പൂണ്ണമായി നിണം ചിന്തി-
സരിസമമായകുടൽ - വമ്പിറാം-
ഹൃദയതാപമേകി, യെന്നാൽ - അവ-
സൂര്യരശ്മികൾപോലെ തുകിവിളങ്ങി,
താവക ദേഹമാനവും- (ഉവ്വീ)

3) ചിന്മയ! പൂവർ വേളയിൽവീണ്ടു
ദൈവദൂതരോടുകൂടി - യേറാ-
മത്തുതമോടുചിത്തിട്ടുപോൽ - അവർ-
സ്നേഹഭക്തി കവിഞ്ഞവണ്ണത്തൊട്ട-
നിൻ പദാബ്ജമണച്ചാരാധനം- (ഉവ്വീ)

4) അത്യന്താത്ഭുതമായിത! സന്നാഥർ
അത്യാഭാപൂണ്ണനായ് ശവ - കുടീ-
രത്തിൽ നിന്നുയത്തിതാഹാ! ബാല-
ഭാനു പൂർവ്വദിഗന്തമായതിൽ-
നിന്നുദിച്ചുവരുന്നപോലവെ. (ഉവ്വീ)

5) ദൈവദൂതരാം വൈരൂപ്യമാനസർ
താവകനൽ വൃത്തം, ഗാന - ങ്ങളാൽ
ഹാ! വാഴ്ത്തിടുന്ന വിചിത്രം - ശ്രീ-
കൽവരാമര മൊക്കെ, ഹീവിജേ-
താവിനെസ്തുതി ചെയ്തിടട്ടെ! ഹാ! (ഉവ്വീ)

നമ്മളും കുരിശുകൾ വഹിച്ചുകൊണ്ടു യേശുവിനോടു കൂടെ നടക്കണം.

നേര് തെളിഞ്ഞു.

(കെ. കെ. കവലക്കാട്ട്)

ക്രി.വ. 1900-ാം സംവത്സരത്തിൽ റഷ്യയുടെ തെക്കുപടിഞ്ഞാറു ഭാഗത്തു് ഭയങ്കരമായ ഒരു കൊലപാതകം നടക്കുകയുണ്ടായി. "കെഹിഫ്," എന്ന പട്ടണസമീപമുള്ള കാരത്തോ എന്ന ഏടവകക്കാരനായ ഒരു പരമഭക്തൻ സ്ഥിരോത്സാഹിയും സത്യവാനുമായിരുന്ന ഒരു കൃഷീവലന്റെ മകളുടെ വിവാഹം കൊണ്ടാടുന്നതിനു, അവളുടെ ഭർത്താവിനെ അപായപ്പെടുത്തുവാൻ തീർച്ചയാക്കി. ബ. വികാരിയച്ചന്റെ മുറിയിൽ മുയലിനെയും പാവകളെയും ചിലപ്പോഴെല്ലാം അദ്ദേഹം വെടിവെയ്ക്കുന്നതിൻ പയോഗിച്ചുവന്നിരുന്ന ഒരു ഇരട്ടക്കുഴൽ കൈത്തോക്ക് ഉണ്ടായിരുന്നു. ഈ കുർമ്മൻ ആ കൈത്തോക്ക് എങ്ങിനെയോ കൈവശപ്പെടുത്തി, വഴിയരികെ രാത്രി ഒളിച്ചിരുന്നു് ആ സാധുവിനെ വെടിവച്ചുകൊന്നു. അനന്തരം ആ തോക്ക് സങ്കീർത്തിയിൽ മറവ് ചെയ്തശേഷം പിറെറദിവസം കുമ്പാനുള്ളതുപോലെ പള്ളിവികാരിയായ കോബിലോവിസ് അച്ചനോടു തന്റെ പാപത്തെ ഏറ്റുപറഞ്ഞു ഒരു കുമ്പസാരവും കഴിച്ചു. പാപോച്ചാരണം വഴിയായി തന്റെ പാതകം എന്നും ഗോപ്യമായി തന്നെ ഇരിക്കുമെന്നു അവനു് നല്ലവണ്ണം അറിയാമായിരുന്നതാനും.

അന്നു ഉച്ചയ്ക്കുമുമ്പ് ആ കൃഷിക്കാരന്റെ ശവം വഴിവരികെ കിടക്കുന്നതായി കണ്ടു. ആ ഭയങ്കര സംഭവത്തെക്കുറിച്ചുള്ള വർത്തമാനം കാട്ടുതീപോലെ നാടെങ്ങും പാഞ്ഞുവെന്നു പറയേണ്ടതില്ലല്ലോ. എല്ലാവരും ക്ഷുഭിതരായി. കുറ്റക്കാരനെ കണ്ടുപിടിക്കുന്നതിനു് എന്തെല്ലാം വഴിക്കു് അന്വേഷണം നടത്തണമെന്നു ഒരു പിടിയുമില്ലാതെ പോലിസ് ഉദ്യോഗസ്ഥന്മാർ വല്ലാതെ പരിഭ്രമിച്ചുവശായി. അങ്ങിനെ ഇരിക്കെ പ്രസ്തുത കൊലപാതകൻ പോലിസ് ഉദ്യോഗസ്ഥന്റെ അടുക്കൽ വെച്ചു രഹസ്യത്തിൽ താഴെ വരുംപ്രകാരം മൊഴികൊടുത്തു.

"ഞങ്ങളുടെ ബ. വികാരിയച്ചനാണ് ആ കൊലപാതകം നടത്തിയതെന്നു നിങ്ങളെ ബോധിപ്പിക്കേണ്ടിവന്നതിൽ എനിക്കു അതിയായ വ്യസനം ഉണ്ടു. ഇന്നലെ പാതിരാത്രിക്കുമുമ്പു് പള്ളിയുടെ സമീപമുള്ള വഴിയിൽ കൂടി ഞാൻ പോന്നപ്പോൾ അദ്ദേഹം ഒരു കൈത്തോക്കുമായി ധൃതിയിൽ സങ്കീർത്തിയിലേക്കു കടക്കുന്നതു ഞാൻ കണ്ടു. അവിടെ

ഒരംശോ തന്റെ മാതാവിനെ നോക്കി അമ്മയായിരുന്നു.

നീണ്ട അദ്ദേഹം പുറത്തിറങ്ങുകയിൽ അദ്ദേഹത്തിന്റെ കൈവശം തോക്ക് ഉണ്ടായിരുന്നില്ല. അപരാധികളിൽ സ്വതെ ഉണ്ടാകുന്നതായ അസ്വാസ്ഥ്യം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം തന്റെ മറിയിലേയ്ക്കു ചെല്ലപ്പെട്ട് കയറിപ്പോയി. അവിടുന്ന് സങ്കീർത്തി ഒന്നു പരിശോധിക്കുന്നതായാൽ കൈത്തോക്കുകണ്ടെത്തുന്നതിനും ഞാൻ പറഞ്ഞതിന്റെ വാസ്തവം അറിയുന്നതിനും ഇടയാകും." സ്ഥലപരിശോധന നടത്തിയപ്പോൾ കുമ്പാനക്കുപ്പായം മുതലായ സൂക്ഷിക്കുന്ന അർമാലിയുടെ പുറകിൽ, ഒരു വെടിഒഴിഞ്ഞതായ ഇരട്ടക്കുഴൽ കൈത്തോക്ക് പോലിസ ഉദ്യോഗസ്ഥൻ കണ്ടെടുത്തു. തൽക്ഷണം അച്ചനെ അയാൾ ബന്ധനസ്ഥനാക്കി. കേവലം നിരപരാധിയായിരുന്നെങ്കിലും സാഹചര്യങ്ങൾ സൂചിപ്പിച്ച തെളിവുകളെ അടിസ്ഥാനപ്പെടുത്തി ജീവപര്യന്തം തടവു ശിക്ഷയ്ക്കു അദ്ദേഹത്തെ കോടതി വിധിക്കയും ചെയ്തു സിത്തോമിലെ ഭരണാധികാരിയായ ബോതോവിസ്ലി തിരുമനസ്സ് കൊണ്ടു നമ്മുടെ വൈദികൻ തന്നെയാണ് കൊലപാതകം നടത്തിയതെന്നു അനുമാനിച്ച് അദ്ദേഹത്തെ സസ്പെൻഡു ചെയ്കയും വൈദികസ്ഥാനവസ്ത്രങ്ങൾ മാറിക്കയും ചെയ്തു. ധീരനായ നമ്മുടെ കഥാനായകൻ മറ്റു മഹാപാതകങ്ങൾ ഒന്നിച്ച് കൈവിലങ്ങുകളാൽ ബന്ധിക്കപ്പെട്ടവനായി ജീവപര്യന്തം കൽക്കരി ഖനികളിൽ കഠിന വേല ചെയ്യുന്നതിനു കൊണ്ടുപോകപ്പെട്ടു.

വിശ്വാസികൾ കത്തോലിക്കാ പുസ്തകങ്ങളുടെയും പത്രങ്ങളുടെയും കൂട്ടുതൽ പ്രചാരത്തിനുവേണ്ടി ഈ മാസത്തിൽ പ്രാർത്ഥിക്കണമെന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിപ്പിക്കണമെന്നും അതുവഴി സത്യത്തെ ഫീല്ലുമെന്നുള്ളതിനെയും അറിയിക്കണമെന്നും അവിടുന്നു ആഗ്രഹിക്കുന്നു. അതിനാൽ ഏതെങ്കിലും ഒരു കത്തോലിക്കാ പ്രസിദ്ധീകരണം വരുത്തി വായിക്കയും അതിനുശേഷം അതു കത്തോലിക്കരല്ലാത്തവർക്കു വായിക്കാൻ കൊടുക്കുകയും ചെയ്യേണ്ടതു ഓരോ കത്തോലിക്കാ കുടുംബത്തിന്റെയും ഒഴിച്ചുകൂടാത്ത കടമയാണ്. 'ചന്ദ്രിക' ഇതിനു ഏറ്റവും പറ്റിയ പ്രസിദ്ധീകരണമാണെന്നു പറയുന്നതിൽ അബദ്ധമില്ലതന്നെ.

നമുക്കു ദേവമാതാവിനെ സ്വന്തം അമ്മയായി സ്വീകരിക്കാം.

കല്ലുകൾ ഉടച്ചും, കൽക്കരി കഴിച്ചുടുത്തും രോമമായ മുമട്ടകൾ മൃ
മന്നും പ്രാതം തുടങ്ങി സന്ധ്യവരെ അദ്ദേഹം കഷ്ടപ്പെട്ട വേലചെയ്തു
കൊണ്ടിരുന്നു. പട്ടക്കാർ എല്ലാവരുംതന്നെ കാണാനോ നമസ്കാരം
മൊല്ലുന്നതിനോ മുമതലപ്പെട്ടിരിക്കുന്നവരായതുനിമിത്തം, ഭക്തനായ
ഈ വൈദിക തടവുകാരനും രാത്രിസമയത്തിൽ മറ്റു തടവുകാർ ഉറങ്ങു
കയിൽ മെഴുതിരിയും കത്തിച്ചുവെച്ചു് ഏതൽകൃത്യം ശരിയാംവണ്ണം
നിർവ്വഹിക്കയാണു് പതിവു്. അങ്ങിനെ പലപ്പോഴും സ്വന്തവീടിനെ
യും, ഒരു ശാപമെന്നപോലെ തന്റെ ഏടവകയിൽ നടന്ന സംഭവത്തെ
യും സംബന്ധിച്ചു് ചിന്തിച്ചു് സമയം കളഞ്ഞിരുന്നു. താൻ ജ്ഞാനസ്നാ
നപ്പെടുത്തീട്ടുള്ള പൈതങ്ങൾക്കു എന്തു സംഭവിക്കും? ആദ്യ കുമ്പാന
കൈക്കൊള്ളുപ്പാടിനും സ്ഥൈര്യലേപനത്തിനും ഒരുക്കിയിരുന്ന ബാലി
കാബാലന്മാർക്കു എന്തു സംഭവിക്കുമോ? ഈ അപരാധത്തെപ്പറ്റി ത
ന്റെ ഏടവകയിലെ യുവാക്കന്മാരും യുവതികളും എന്തൊക്കെ വിചാ
രിക്കുമെന്നറിഞ്ഞില്ല. തന്നെ സംബന്ധിച്ചു് വല്ല ഒഴികഴിവുകൾ
ആരെങ്കിലും പറയുവാനുണ്ടാകുമോ? തന്റെ നിരപരാധിതത്വത്തെ
സ്ഥാപിക്കുവാൻ വല്ലവരും മുതിരുമോ? നടന്ന സംഭവങ്ങൾമൂലം തന്റെ
അമ്മ വല്ലാതെ ദുഃഖിച്ചു് അകാലമരണം പ്രാപിച്ചുപോയെന്നറിഞ്ഞില്ല.
വൃദ്ധനായ തന്റെ പിതാവിന്റെ സന്താപഭാരത്തെപ്പറ്റി ചിന്തിക്കു
ന്നതും നമ്മുടെ വൈദികനു് സഹിക്കവയ്യാ. വ്യസനകരമെങ്കിലും
ഏവംവിധങ്ങളായ ചിന്തകളെ ദൈവതിരുമനസ്സിനൊത്തപ്രകാരം സ
ഹിച്ചു് സപ്പല്നേരത്തെയ്ക്കു ഒന്നു മന്ദിച്ചുവെന്നുവന്നേക്കാം.

ദിവസങ്ങളും ആഴ്ചകളും കൊല്ലങ്ങളും കഴിഞ്ഞുകൂടി. എന്നിട്ടും
വിലങ്ങുകളാൽ ബന്ധിതനായ അദ്ദേഹം സൈബേരിയായിലെ കാരാഗ്ര
ഹത്തിൽ കിടന്നു കഷ്ടപ്പെട്ട പണിയെടുത്തുപോന്നു. ഇങ്ങിനെയിരിക്കെ
ഫെബ്രുവരി-ൽ യഥാർത്ഥപരകനും വാർദ്ധക്യമായ ആ ദുഷ്ടൻ രോഗത്തിൽ
പെട്ടു കാലഗതിപ്രാപിച്ചു. ആസന്നമരണനായിരിക്കയിൽ പട്ടണാ
ധികാരിയെയും പ്രധാന വിധിയാളനെയും വരുത്തി അവരോടു് താഴെ
വരുംപ്രകാരം ബോധിപ്പിക്കയുണ്ടായി. "ഉദ്ദേശം ഇരുപതു കൊല്ലങ്ങ
ൾക്കുമുമ്പു് ആ കർഷകനെ വെടിവെച്ചു കൊന്നതു ഞാനാണു്. ആ
കൈത്തോക്കു് സങ്കീർത്തിയിൽ വെച്ചതും ഞാൻതന്നെ. എന്റെ ഈ
അപരാധത്തെ കോബിലോവിസ് അച്ചനോടു് പറഞ്ഞു ഞാൻ അന്നു
കുമ്പസാരിച്ചു. അദ്ദേഹം ഇപ്പോൾ എവിടെയായിരുന്നാലും, പ്രസ്തുത

ദേഹം കഷ്ടപ്പെട്ട മരിച്ചശേഷം മഹിമയോടുകൂടി ഉയിർത്തു.

കൊലക്കേസിൽ ഒന്നുംതന്നെ ചെയ്തിട്ടില്ല. അദ്ദേഹം നിരപരാധിയാണ്".

ഇതു കേട്ടമാത്രയിൽ ജനതതിയിൽ ഉണ്ടായ ക്ഷോഭം എന്തുമാത്രമെന്നു വർണ്ണിപ്പാൻ പ്രയാസം. എടവകജനങ്ങളിൽ സന്താപവും സന്തോഷവും ഒന്നുപോലെ ഉത്ഭൂതമായി. കുറക്കാരനല്ലാത്ത വൈദികനെ ശിക്ഷിച്ചതുകൊണ്ടുള്ള സന്താപവും ലോകസമക്ഷം അദ്ദേഹത്തിന്റെ നിരപരാധിത്വം വേഗം സ്ഥാപിതമാകും എന്നതിനാൽ സന്തോഷവും ജനങ്ങളിൽ പ്രസ്പഷ്ടമായി കാണപ്പെട്ടു. സെൻറ് പീറേഴ്സ് ബെഥ്ലിലെ ഗവർമ്മേണ്ടു അധികാരികൾ വിശ്വസ്ഥനായ ആ വൈദികനെ ഉടനെ സ്വാതന്ത്ര്യനാക്കി കൊണ്ടുവരുന്നതിനു സൈബേറിയായിലേയ്ക്കു ദൂതന്മാരെ ആജ്ഞാപിച്ചയച്ചു. എന്നാൽ കമ്പസാര രഹസ്യത്തെ കുഴിമാടത്തിലേയ്ക്കു വഹിച്ചുകൊണ്ടു രണ്ട് മാസങ്ങൾക്കുമുമ്പ് ആ ദൈവദീകൻ ഇഹലോകം വിട്ടുപോയിരുന്നു.

നമ്മുടെ കർത്താവിന്റെ ഉയിർപ്പ്.

(ദിവ്യശ്രീ എൽ. ജേ. ശ. മാപ്പുകൾ)

("തെന്താനതാനനതാനന" എ. മ.)

1) സന്തോഷത്താർമധുനിധിയതിൽ
നീന്തീടിൻ നിഖിലരുമധുനാ
സർപതിയാൽ, സപ്പുധരൻ, സാത്താൻ-
തലയറ പൊടിയായ്, ബലമറുമുടിവായ്.

2) പങ്കപോക്കും പ്രഭയൊടു ഭൂവി-
യെങ്ങും തിങ്ങും വെളിവരുളിയു-
മിതിമിശിഹാ, മൃതിയതിൽനി-
ന്നുയിർത്തതിമുദാ, അനുപമജയത്തൊടതിമുദം.

3) നമുക്കായിഹതനിതിയരുണനെ
മയക്കീടും പ്രഭയതിലുയർന്നു
കാവൽ, സേനാ, ഗണം കണ്ടുടൻ
അതിഭയംപൂണ്ടവർ, ഉടനടിമണ്ടിനാർ.

നമ്മളും ഇപ്പോൾ കൂഴപ്പെട്ടാൽ പിന്നീടു മഹിമപ്പെടും

കൃതജ്ഞതാപ്രകാശനം.

പുത്തൻചിറ തിരുഹൃദയാശ്രമ കുപ്പേട്ടയിലെ കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ ഒരു സാദ്ധ്യകാര്യം സാധിച്ചതിനു ഉപകാരസ്മരണയായി ഫ്രൈ. അയയ്ക്കുന്നു. (എം. ടി. എം.)

ചെങ്ങൽ കന്യകാമഠത്തിലെ ഒരു സഹോദരി വി. കൊച്ചുത്രേസ്യയുടെ മദ്ധ്യസ്ഥം മൂലം സുഖം പ്രാപിച്ചിരിക്കുന്നതിനു ആ പുണ്യവതി വഴി ദൈവത്തിനു ഉപകാരസ്മരണ. ഫ്രൈ. അയയ്ക്കുന്നു.

ജോലി ചെയ്വാൻ പാടില്ലാത്തവണ്ണം സുഖക്കേടു നേരിട്ടതിൽ കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ ഞാൻ സുഖം പ്രാപിച്ചു. നന്ദിയായി ഫ്രൈ. അയയ്ക്കുന്നു.

(കാച്ചപ്പിള്ളി ഫെറിയ്ക്കൽ മത്തു. ഫ്രൈക്കടവ്)

പോളൻറാജ്യത്തിലെ സുപ്രസിദ്ധ നാടകകർത്താവായ സ്റ്റെനിസ്ലാവോസ് പ്രിവിസ്വിക്സ്കി എന്ന മഹാൻ കത്തോലിക്കമതം സ്വീകരിച്ചിരിക്കുന്നു.

* * *

ദിവ്യകാരുണ്യമഹാസംഘത്തിന്റെ ഫ്രാൻസിലെ സമ്മേളനം ആസ്സേഷിയായിൽവച്ചു നടത്താൻ ഒരുക്കങ്ങൾ ചെയ്യുന്നു. ആ ഭൂഖണ്ഡത്തിൽ ആകെയുള്ള സ്ത്രീലക്ഷം ജനങ്ങളിൽ ഫ്രഞ്ച്-ലക്ഷവും കത്തോലിക്കരാണ്. ഷിക്കാഗോവിലെപ്പോലെതന്നെ ഈ സമ്മേളനവും കത്തോലിക്കവിശ്വാസത്തിന്റെ മഹനീയമായ ഒരു പ്രകടനമായിരിക്കേണമെന്നാണ് അവരുടെ ആഗ്രഹം. ദേവമാതാവിന്റെ നാമത്തിലുള്ള അവിടത്തെ മെത്രാസനപള്ളിയുടെ പണി അപ്പോഴേക്കും പൂർത്തിയാകും. അതിന്റെ പ്രതിഷ്ഠാകർമ്മം പ്രസ്തുത സമ്മേളനാവസരത്തിൽ നടത്തപ്പെടുകയും ചെയ്യും.

ഒരുശോ മരിച്ചെങ്കിലും അവിടുന്നു മരണത്തെ ജയിച്ചു.

ഇംഗ്ലണ്ടിലും യൂറോപ്പിലെ മറ്റു രാജ്യങ്ങളിലും ഓരോ തൊഴിൽക്കാരായ കത്തോലിക്കർ ഒന്നോ രണ്ടോ കൊല്ലത്തിൽ ഒരു ദിവസം പ്രാർത്ഥനകളാലും വൈദിക കർമ്മങ്ങളാലും ദൈവത്തിനു സ്തോത്രംചെയ്യുന്ന ഒരു നല്ല ആചാരം നടപ്പുണ്ട്. അതനുസരിച്ചു ഇപ്പോഴിലെ എം. എസ്. എം. റേയിൽവെജോലിക്കാരായ കത്തോലിക്കർ യോജിച്ചു കൊല്ലത്തിലൊരു ഒരു സ്തോത്രകർമ്മം നടത്താൻ മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അനുമതി വാങ്ങി ശീട്ടയച്ചിരിക്കുന്നു. ഒന്നാമത്തെ സ്തോത്രകർമ്മം ഇക്കഴിഞ്ഞ മാർച്ച് ഒന്നാം- ഞായറാഴ്ച മദ്രാസ് മെത്രാസനപ്പള്ളിയിൽവച്ചു നടന്നു. ആഘോഷപാട്ടുകുർബ്ബാന, കൂട്ടമായുള്ള കുർബ്ബാനകൈക്കൊള്ളൽ, പ്രദക്ഷണം, പ്രസംഗം, തെദേവും (ലാൽആലാഹാ.) വി. കുർബ്ബാനയുടെ വാഴ്ച, എന്നീ വൈദിക കർമ്മങ്ങളെക്കൂടാതെ, ഒരു സുഹൃൽസമ്മേളനവും കാപ്പിസൽക്കാരവും ആചിന്ന അന്നത്തെ കായ്പരിപാടി. മദ്രാസ് മെത്രാപ്പോലീത്താച്ചനാണ് സുഹൃൽസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കയും ചെ. കുർബ്ബാനയുടെ വാഴ്ച നൽകുകയും ചെയ്തത്.

* * *

മെക്സിക്കോയിലെ കത്തോലിക്കർ അനുഭവിക്കുന്ന പീഡകളിൽ നീച്ച സഹതപിച്ചും അവിടത്തെ പ്രസിഡേണ്ടായ കാല്ലസിന്റെ ക്രൂരകൃത്യങ്ങളെ പ്രതിഷേധിച്ചും പോർട്ടുഗാളിലെ മെത്രാന്മാർ ഒന്നുചേർന്നു മെക്സിക്കോയിലെ മെത്രാന്മാർക്കു ഒരു സന്ദേശം അയയ്ക്കുകയുണ്ടായി. ലിസ്ബൺപട്ടണത്തിലെ കത്തോലിക്കയുവാക്കന്മാരും ഒരു മഹായോഗംകൂടി അവരുടെ സഹതാപവും പ്രദർശിപ്പിക്കുകയുണ്ടായി. ഭയങ്കരമായ പീഡകൾക്കിടയിൽ തങ്ങളുടെ മതവിശ്വാസത്തിനു ഇളക്കംകൂടാതെ വർത്തിക്കുന്ന മെക്സിക്കോയിലെ കത്തോലിക്കരുടെ ഉൽകൃഷ്ടമായ ക്രിസ്തീയ ധീരതയെ സ്തുതിച്ചുകൊണ്ടു പലതും പ്രസംഗിച്ചു. കഴിഞ്ഞ നൂറാണ്ടിൽ ഇക്വാഡോർ രാജ്യത്തിലെ പ്രസിഡെണ്ടായ ഗാർസിയാ മൊറേനൊ എന്ന വീരപുരുഷനെ മതവിരോധികൾ വധിച്ചല്ലൊ. "ഞാൻ മരിക്കുന്നു, എന്നാൽ ദൈവം ഒരിക്കലും മരിക്കയില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ അവസാനവാക്യമെന്നും, ആ വിശ്വാസംതന്നെയാണ് മെക്സിക്കോയിലെ കത്തോലിക്കർക്കും മതത്തിനുവേണ്ടി ജീവൻ ബലികഴിപ്പാൻ ധൈര്യം നൽകുന്നതെന്നും പ്രാസംഗികന്മാരിൽ ഒരാൾ പ്രസ്താവിക്കയുണ്ടായി.

ധർമ്മരായോട് ചേർന്നാൽ നമുക്കും മരണത്തെ ജയിക്കാം.

ഒരു സ്തോത്രഗാനം.

(ഫ്രൂദർ ജെ. വി.)

ആനന്ദക്കൈരവി. ആദി.

(നാൻ മുഖകരിപദനേ. എ. മ.)

പല്ലവി

സന്തോഷ ജലനിധിയിൽ - സ്വാന്തംമുങ്ങിനീന്തീടുക നരരെല്ലാം;

ചരണങ്ങൾ

1. എല്ലാവരുമിന്നിപ്പോൾ - ഉല്ലാസമിത്തരായി
ഹല്ലേലൂയ്യാ പാടുന്ന - അപ്പൽതെല്ലുമില്ലാക്കുരാ. (സന്തോഷ)

2. മൃത്യുജയിച്ചവനെയ് - കീർത്തനസ്ഥാനം മെയ്യു
കീർത്തനങ്ങൾകീർത്തിപ്പിൻ - ആത്തമോദത്തോടിന്നു. (സന്തോഷ)

3. വാനോരുടെരെല്ലാം - ആനന്ദ ഗീതിലരായ്
ഗാനങ്ങൾ പാടീടുന്ന - നാനാതരത്തിലിന്നു. (സന്തോഷ)

4. ഉത്ഥാനംചെയ്ത സത്യദൈവകുമാരനീശോ
മേത്തീടണെയെന്നെന്നും - സ്വർല്ലോകമാംഗൃഹത്തിൽ.
(സന്തോഷ)

നമ്മുടെദിവ്യരക്ഷകൻ നമ്മുടെ ബഹുഹീനതയും കഷ്ടതകൾ അനുഭവിക്കാൻ നമുക്കുള്ള മനസ്സുകേടും അറിഞ്ഞുകൊണ്ടു്, തന്റെ ഉപദേശത്താലും മഹത്തരവും വീരവുമായ ദൃഷ്ടാന്തത്താലും നമുക്കു നൽകിയ പാഠമെന്താണു്? കഷ്ടാനുഭവം നമ്മുടെ സ്വഭാവത്തിന്റെ ബഹുഹീനതയുടെ നല്ല പ്രതിനിധിയാണെന്നും, ദുഃഖങ്ങളെ അവിടുന്നു വിലമതിച്ചതുപോലെ നമ്മളും വിലമതിക്കേണ്ടതാണെന്നുംതന്നെ.